**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അമന്റ്മെന്റുള്ളതുകൊണ്ട് ഞാൻ ചുരുക്കി കാര്യങ്ങൾ പറയാം. ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് ധനകാര്യ ബിൽ അവതരിപ്പിച്ചിരുന്നു. സഭയിൽ introduce ചെയ്തത് ഈ സെഷനിലാണ്. അതിനുശേഷം അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. സബ്ജക്ട് കമ്മിറ്റിയുടെ ചില നിർദ്ദേശങ്ങളടക്കമുള്ള അമന്റ് ചെയ്ത വെർഷനാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിലും സഭയിലും നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില അമന്റ്മെന്റുകൾകൂടി ഔദ്യോഗികമായി

കൊണ്ടുവന്നിട്ടുണ്ട്. ഇതിനകത്തെ അമന്റ്മെന്റുകളുടെ കാര്യമെല്ലാം ഞാൻ പറയുന്നില്ല. പൊതുവിൽ നമ്മുടെ ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങളുണ്ട്. പ്രധാനമായും രജിസ്ട്രേഷൻ വകുപ്പിന്റെയും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെയും ചില കാര്യങ്ങളും കച്ചവടക്കാർക്കുള്ള ആംനസ്റ്റി സംബന്ധിച്ചുള്ള കാര്യങ്ങളുമുണ്ട്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചെയർ പറഞ്ഞിട്ടും പിന്നീടും ആവർത്തിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വലിയ ആംനസ്റ്റി സ്കീമാണ് കൊണ്ടുവന്നിരിക്കുന്നത്. ആംനസ്റ്റിക്കകത്ത് ഒന്നാമത്തെ സ്ലാബിൽ 50,000 രൂപ വരെ കുടിശ്ശികയുള്ള മുഴുവൻ ആളുകളെയും ഈ കേസ്സിൽനിന്നും ഒഴിവാക്കും. ആംനസ്റ്റിയുടെ പല അനുഭവങ്ങളും വച്ചിട്ട് പറഞ്ഞതാണ്. എത്രയോ വർഷങ്ങളായിട്ടുള്ളതാണ്. ജി.എസ്.ടി. ആരംഭിക്കുന്നതുവരെയുള്ള മുഴുവൻ നികുതി കുടിശ്ശികയും ഒഴിവാക്കും. 22267 പേരുടേതാണ് ഒഴിവാക്കുന്നത്. തുക വലിയ വലുപ്പമല്ല 116 കോടി രൂപയേയുള്ളൂ. പക്ഷെ ഇത്രയും കേസ് കിടക്കുകയാണ്. രണ്ടാമത്തെ സ്ലാബായ 50000 രൂപ മുതൽ 10

ലക്ഷം രൂപ വരെ നികുതി കുടിശ്ശികയുള്ള ആളുകൾക്ക് തുകയുടെ 30 ശതമാനം അടച്ചാൽ മതിയാകും. ആകെയുള്ള 51516 കേസ്സിൽ ഈ സ്ലാബിൽ വരുന്നത് 21436 പേരാണ്. അതിന് മുകളിലുള്ള സ്ലാബായ 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെ നികുതി കുടിശ്ശികകൾക്ക് രണ്ട് തരം പദ്ധതിയുണ്ട്. ഈ സ്ലാബിൽ അപ്പീലിലുള്ള നിയമവ്യവഹാരത്തിനുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 40 ശതമാനം ഒടുക്കിയാൽ മതിയാകും. ഈ സ്ലാബിലുള്ള അപ്പീലിലില്ലാത്ത നിയമവ്യവഹാരമില്ലാത്ത കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 50 ശതമാനം ഒടുക്കിയാൽ മതിയാകും. അതെന്തെന്നാൽ കോടതിയിൽ അവർ ഫീസ് അടച്ചിട്ടുള്ളതുകൊണ്ടാണ് 40 ശതമാനമെന്ന് പറയുന്നത്. അതുകൂടെ ചേർത്തിട്ടാണ് ഒഴിവാകുന്നത്. നാലാമത്തെ സ്ലാബ് വലിയ തുകയായ ഒരു കോടി രൂപയിലധികമുള്ളതാണ്. ഇവിടെ ഈ സ്ലാബിൽ അപ്പീലിലുള്ള നിയമവ്യവഹാരത്തിനുള്ള കുടിശ്ശികകൾക്ക് 70 ശതമാനം ഒടുക്കണം. സ്ലാബിലുള്ള അപ്പീലിലില്ലാത്ത ആളുകൾക്ക് 80 ശതമാനം ഒടുക്കണം. ഇതാണ് ഏറ്റവും കൂടുതൽ തുക വരുന്ന ഒരു സെക്ടർ. ഇതിന്റെ പ്രത്യേകത ഞാൻ നേരത്തെ പറഞ്ഞതാണ്. 50000 രൂപ വരെയുള്ളവർ

പ്രത്യേകം അപേക്ഷ സമർപ്പിക്കണ്ട. 50000 രൂപ വരെയുള്ളവർക്ക് അത് ഒഴിവായി കിട്ടും. ഇതിൽ ഇരുപത്തിരണ്ടായിരത്തോളം ആളുകളുണ്ട്. ഏതെങ്കിലും അസസ്സ്മെന്റ് ഓർഡറുമായി ബന്ധപ്പെട്ട സ്കീം പ്രകാരം ഒടുക്കേണ്ടതായ നികുതി തുക നികുതിദായകർ ഇതിനോടകം റവന്യൂ റിക്കവറി നടപടിയുമായി ബന്ധപ്പെട്ടോ അല്ലാതെയോ ഒടുക്കിയിട്ടുണ്ടെങ്കിൽ അതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. അത്തരം കുടിശ്ശികകളെയും തീർപ്പാക്കിയതായി കണക്കാക്കാൻ പറ്റും. ആംനസ്റ്റി പദ്ധതിയിൽ ചേരുന്നവർക്കാണ് ഇത് കിട്ടുന്നത്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ ചേരാതെ താമസിച്ചുപോകുന്നവർക്ക് ഈ ആനുകൂല്യങ്ങൾ പൂർണ്ണമായി കിട്ടില്ല. ആംനസ്റ്റി പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി 2024 ഡിസംബർ 31 ആയിരിക്കും. ഇതനുസരിച്ച് നമ്മുടെ നാട്ടിലെ കച്ചവടക്കാർക്ക് പ്രത്യേകിച്ച് വാണിജ്യ നികുതി അടയ്ക്കേണ്ടവർക്ക് വലിയൊരു ബെനിഫിറ്റ് കിട്ടുന്ന ആംനസ്റ്റിയാണ് നടപ്പാക്കിയിരിക്കുന്നത്. ഇതവർ ഉപയോഗിച്ചാൽ വർഷങ്ങളായുള്ള കുടിശ്ശികകൾ ഒഴിവാകും.

അടുത്തത് മോട്ടോർ വാഹന നികുതിയുടെ കാര്യമാണ്. അമന്റ് ചെയ്തതിൽ കേരളത്തിനകത്തുള്ള വാഹനങ്ങൾക്ക് നമ്മൾ ടാക്സ് കുറച്ചിരുന്നു. സാധാരണഗതിയിൽ മറ്റ് സ്റ്റേറ്റിൽനിന്നും വരുന്ന എൻട്രിയുംകൂടെ അവിടെ ചേരണമായിരുന്നു. അത് വരാത്തതുകൊണ്ട് മറ്റ് സ്റ്റേറ്റിൽനിന്നും വരുന്ന വാഹനങ്ങൾ കേരളത്തിലേയ്ക്ക് വരുമ്പോൾ ആ ടാക്സ് വരണമെങ്കിൽ ആ ഹെഡിംഗിൽ " Registered in Kerala" എന്നതിന്റെ കൂടെ പുറത്തുനിന്നും വരുന്നതിന്റെകൂടി ചേർക്കണമായിരുന്നു. അതുകൂടെ ചേർക്കുന്ന ചെറിയൊരു അമന്റ്മെന്റാണ് മോട്ടോർ വെഹിക്കിൾ ടാക്സിൽ വന്നിരിക്കുന്നത്.

സോളാറിന്റെ കാര്യം നേരത്തെ ഇവിടെ സംസാരിച്ചതാണ്. സോളാർ പവർ ഉൽപ്പാദിപ്പിക്കുന്നവർക്ക് ഡ്യൂട്ടി വർധവന് വരുത്തുന്നില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി ഇക്കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്, കൂടാതെ ബില്ലിലുമുണ്ട്.

ഇതുകൂടാതെ വളരെ സീരിയസ്സായി നമ്മൾ ചർച്ച ചെയ്തതിൽ ഒന്ന് കോർട്ട് ഫീയാണ്. കുടുംബ കോടതിയിലെ ഫീസ് സംബന്ധിച്ച് വലിയ ആശങ്കകൾ വന്നിരുന്നു. എല്ലാ സ്ഥലത്തും അഭിഭാഷകരുടെ സംഘടനകൾ, ബാർ

അസോസിയേഷൻ പ്രതിനിധികൾ, മഹിളാ സംഘടനകൾ എന്നിവരെല്ലാം ഇക്കാര്യം പറഞ്ഞിരുന്നു. ഇതുമായി ബന്ധപ്പെട്ട് അവരോട് ചർച്ച ചെയ്തപ്പോൾ അതിനകത്ത് അത്രയും ഫീസ് വേണ്ടെന്ന അഭിപ്രായം വന്നതുകൊണ്ട് കാലോചിതമായി ചെറിയൊരു ഫീസ് മാത്രമേ വരുത്തുന്നുള്ളൂ. നേരത്തെ പറഞ്ഞതുപോലെയുള്ള വലിയ കോർട്ട് ഫീ തുകയല്ല. തുകയുടെ ടേബിൾ ഞാൻ വായിക്കുന്നില്ല. ടേബിൾ മുഴുവൻ റീ-പ്ലേസ് ചെയ്ത് ബില്ലിൽ കൊടുത്തിട്ടുണ്ട്. ഇതിൽ 200 രൂപ മിനിമം ഫീസും അതിനുശേഷമുള്ളതിന് ശതമാനവുമായിരുന്നു പറഞ്ഞിരുന്നത്. ആ ശതമാനം എടുത്തുമാറ്റി. താമസിക്കുന്ന വീട് ഒഴിവാക്കിയിട്ടാണ് ക്ലെയിമിന് കണക്കുകൂട്ടുന്നത്, 5 ലക്ഷം രൂപ വരെയുള്ളതിന് 200 രൂപ, 5 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപ, 20 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെയുള്ളതിന് 1000 രൂപ, 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയുള്ളതിന് 2000 രൂപ, ഒരു കോടി രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 5000 രൂപ ഇത്തരത്തിലാണ് തീരുമാനിച്ചിട്ടുള്ളത്. നേരത്തെ തീരുമാനിച്ചിരുന്ന ശതമാനം കൂട്ടുകയാണെങ്കിൽ വലിയ തുക വരും.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോഴും അതിന് ഫീസുണ്ട്, ഒഴിവാക്കിയിട്ടില്ല. ഇങ്ങനെയൊരു കാര്യം അതിനകത്ത് വന്നിട്ടുണ്ട്. നേരത്തെ പ്രൊപ്പോസ് ചെയ്തതിനേക്കാൾ വലിയ വ്യത്യാസം അതിനകത്ത് വന്നിട്ടുണ്ട്.

നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിനകത്തും ഇതുപോലെ ഫീസിൽ വലിയ കുറവ് വരുന്നതരത്തിലേയ്ക്കുള്ള അമന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ട്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിനകത്ത് ആദ്യത്തെ സ്ലാബായി 10000 രൂപവരെ എന്നത് 50000 വരെയാക്കി ഉയർത്തുകയും അടയ്ക്കേണ്ട തുക 250 രൂപയുമാക്കി. 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെയുള്ളവർക്ക് 500 രൂപ. 2 ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെയുള്ളവർക്ക് 750 രൂപ. 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയുള്ളവർക്ക് 1000 രൂപ. 10 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെ 2000 രൂപ. 20 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ 5000 രൂപ. 50 ലക്ഷം രൂപയ്ക്ക് മുകളിലുള്ളതിന് 10000 രൂപ എന്ന നിലയിൽ അതിനകത്തും മാറ്റം വരുത്തിയിട്ടുണ്ട്. അതുപോലെ രജിസ്ട്രേഷനിൽ ലീസ് ഡീഡിന് ഒരു രജിസ്ട്രേഷൻ ഫീസ് വച്ചിരുന്നു. അതികത്തെ സ്ലാബിൽ

ചെറിയൊരു വ്യത്യാസം വരുത്തിയിട്ടുണ്ട്. നേരത്തെയുള്ളതിൽ 10 വർഷത്തിന് മുകളിലുള്ള സ്ലാബിനുണ്ടായിരുന്ന ഫീസിനകത്ത് ചെറിയൊരു വ്യത്യാസം വരുത്തിയിട്ടുണ്ട്. 20 വർഷം മുതൽ 30 വർഷം വരെയുള്ളതിനകത്തും ഒരു വ്യത്യാസം വരുത്തി. അത് 50 എന്നുള്ളത് 35 ആയും 75 എന്നുള്ളത് 60 ആയും ചുരുക്കി. ഇതുപോലെയുള്ള കാര്യങ്ങളും മറ്റ് സ്റ്റേറ്റുകളിലെ കാര്യങ്ങളും സബ്ജക്ട് കമ്മിറ്റിയിൽ വന്ന ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ വ്യത്യാസം വരുത്തിയിട്ടുള്ളത്. ടെക്നിക്കലായ ചില മാറ്റങ്ങളുമുണ്ട് അത് ഞാൻ എടുത്ത് പറയുന്നില്ല. പ്രധാനമായും ഈ കാര്യങ്ങളാണ് വന്നിരിക്കുന്നത്. മോട്ടോർ വെഹിക്കിൾ, ലീസ്, ആംനസ്റ്റി, കോടതി ഫീസ് തുടങ്ങിയ കാര്യങ്ങളിലാണ് അമന്റ്മെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഇത് പൊതുവിൽ നമ്മുടെ സഭയുടെ എല്ലാ സ്പിരിറ്റുമെടുത്ത് ചർച്ച ചെയ്തും സംഘടനകളുമായും ചർച്ച ചെയ്തും കൊണ്ടുവന്നതാണ്. കോടതി ഫീസ് സംബന്ധിച്ച് ഒരു കമ്മീഷനെ നിയോഗിച്ച് അതിന്റെ interim report വച്ചിട്ടാണ് തീരുമാനിച്ചത്. നമ്മുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ Interim report-ലെക്കാളും തുക കുറച്ചിട്ടുണ്ട്. ബാക്കി സ്റ്റാമ്പ് ഡ്യൂട്ടി തീരുമാനിക്കുന്നത്

സംബന്ധിച്ചുള്ള നിയമപരമായ കാര്യങ്ങൾ അതിന്റെ ആക്ട് വഴി പിന്നീട് ആ റിപ്പോർട്ട് വരുമ്പോൾ ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങളാണ് പറയാനുള്ളത്. നമ്മൾ നേരത്തെ ഒരു പ്രാവശ്യം ഇത് ചർച്ച ചെയ്തതിനാൽ വലിയ ദീർഘമായ ചർച്ചയില്ലാതെ തന്നെ പാസ്സാക്കാവുന്നതാണ്. ചർച്ച ചെയ്യുന്ന കാര്യം അങ്ങാണ് തീരുമാനിക്കേണ്ടത്. പൊതുവിൽ ഈ കാര്യങ്ങളുടെ സ്പിരിറ്റ് അംഗീകരിച്ച് അത്തരത്തിലേയ്ക്ക് വന്നിട്ടുണ്ട്.

മി. സ്പീക്കർ: 2024-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുള്ള കാര്യങ്ങളിൽമാത്രം ഒതുങ്ങിനിന്ന് സംസാരിക്കുന്നതാണ് നമ്മുടെ സഭയിലുള്ള കീഴ്വഴക്കം. നിയമനിർമ്മാണം നടത്തിയപ്പോൾ നമ്മൾ പാലിച്ച പ്രിൻസിപ്പിൾ പത്ത് മിനിട്ടിനുള്ളിൽ ചുരുക്കണമെന്നാണ്. ചെയറുമായി സഹകരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ തയ്യാറാകണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ രണ്ട് പ്രധാനപ്പെട്ട വിഷയങ്ങളിലാണ് വിയോജനക്കുറിപ്പ് നൽകിയിരുന്നത്. ഒന്ന്

ഫാമിലി കോടതിയിലെ ഫീസ് നിരക്കിനെ സംബന്ധിച്ചും മറ്റൊന്ന്, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലുള്ള കോർട്ട് ഫീ സംബന്ധിച്ചുമാണ്. ആ രണ്ട് കാര്യങ്ങളെക്കുറിച്ച് മാത്രമേ ഞാൻ സംസാരിക്കുന്നുള്ളൂ. ഇവ രണ്ടിലും ഒഫിഷ്യൽ അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചത്. നീതി ലഭിക്കാൻവേണ്ടി, ചെലവ് ലഭിക്കാൻവേണ്ടി, മെയിന്റനൻസ് ലഭിക്കാൻവേണ്ടി, വിവാഹമോചനം കഴിഞ്ഞ് ജീവിക്കുന്നതിനുവേണ്ടിയുള്ള ഷെയർ ലഭിക്കാൻവേണ്ടിയാണ് ആളുകൾ കുടുംബ കോടതിയിൽ പോകുന്നത്. നേരത്തെ 50 രൂപമാത്രം മതിയായിരുന്ന ഫീസ് രണ്ട് ലക്ഷം രൂപ വരെയാക്കി. എന്നാൽ ഇപ്പോൾ ഒഫിഷ്യൽ അമെന്റ്മെന്റിലൂടെ അത് കുറച്ചു എന്നത് നല്ല തീരുമാനമാണ്. എന്നാൽ കുടുംബ കോടതിയിലെ ഫീസ് നിരക്ക് പരമാവധി 5,000 രൂപയായും അപ്പീൽ നൽകുമ്പോൾ പരമാവധി 2,500 രൂപയായിട്ടും മാത്രമാണ് കുറച്ചിട്ടുള്ളത്. ഒരു വെൽഫെയർ സ്റ്റേറ്റിന്റെ ഉത്തരവാദിത്വമാണ് ആ മെക്കാനിസം, ജസ്റ്റിസ് ഡെലിവറി സിസ്റ്റം ഉണ്ടാക്കുകയെന്നത്. ഫാമിലി കോടതികളുടെ ഫോർമേഷനും പർപ്പസ് അതിനുവേണ്ടിയുള്ളതാണ്. അവിടെ നീതി

തേടിപോകുന്നത് ബഹുഭൂരിപക്ഷവും ഒരുനിവൃത്തിയുമില്ലാത്ത സ്ത്രീകളാണ്. അതായത് 90 ശതമാനവും സ്ത്രീകളാണ് പരാതിക്കാർ. അവർക്ക് മറ്റൊരു മാർഗ്ഗവുമില്ല, അവർ വിവാഹമോചനം കഴിഞ്ഞിട്ടാണ് നിൽക്കുന്നത്. ഒരു വരുമാനമാർഗ്ഗവുമില്ലാത്ത ഈ പാവപ്പെട്ട സ്ത്രീകളിൽനിന്ന് കോർട്ട് ഫീ ഈടാക്കുന്നത് ശരിയാണോ? ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് വളരെ നല്ലൊരു തീരുമാനം പറഞ്ഞിട്ടുണ്ട്. അവർ പറഞ്ഞിരിക്കുന്നത്, They held that access to Justice is a Fundamental Right guaranteed to citizens by Article 14 and Article 21 of the Constitution of India. It has been found that the Fundamental Right of access to justice is a crucial and indispensable right under the Constitution of India. അത് അവരുടെ റൈറ്റാണ്. കോടതിയിൽ പോകുകയെന്നത് ആർട്ടിക്കിൾ 14-ഉം ആർട്ടിക്കിൾ 21-ഉം അനുസരിച്ചുള്ള അവരുടെ റൈറ്റാണ്. പാവപ്പെട്ട ആ സ്ത്രീകളിൽനിന്ന് ഇത് ഈടാക്കുന്നത് ശരിയാണോ; മാത്രമല്ല, Levy of Court Fee എന്നുപറയുന്നത് ഒരു taxing affair system അല്ല. ടാക്സ് നമ്മൾ ലെവി ചെയ്യുന്നതുപോലെയല്ല കോർട്ട് ഫീ

വാങ്ങിക്കുന്നത്. അതിനെ ഒരു ടാക്സ് അഫയർ ആയി കാണരുത്. സർക്കാരിന്റെ വരുമാനം വർധിപ്പിക്കുന്നതിനുവേണ്ടിയിട്ടല്ല കോർട്ട് ഫീ. ഒരു വെൽഫെയർ സ്റ്റേറ്റിൽ ജസ്റ്റിസ് ഡെലിവറി സിസ്റ്റം മെയിന്റയിൻ ചെയ്യുന്നതിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം സ്റ്റേറ്റിനാണ്. സ്റ്റേറ്റ് ആ ഉത്തരവാദിത്വം മറക്കുകയാണെന്നാണ് യഥാർത്ഥത്തിൽ ഈ ഫീസ് വർദ്ധനകൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ ഒരു കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന്റെ 2016-ലെ ഒരു തീരുമാനമുണ്ടായിരുന്നു, ‘ Anita Kushwaha v. Pushap Sudan’ അതിൽ പറയുന്നത്, Access to justice and its adjudicatory process must be affordable to the common man. Thus it has been declared that the basic structure of the Constitution is not to be altered through the Legislation. നമ്മൾ ഒരു നിയമം കൊണ്ടുവന്ന് കോൺസ്റ്റിറ്റ്യൂഷണൽ പർപ്പസിനെ ഒരുകാരണവശാലും പരാജയപ്പെടുത്തരുത്. അതുപോലെ വളരെ പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്റ്റിൽ ഇതുപോലെയുള്ള ഭേദഗതിയുണ്ട്. കുറച്ച് പൈസ കുറച്ചിട്ടുണ്ട്. നേരത്തെ വളരെ കൂടുതലായിരുന്നു. ചെക്ക് കേസ്സുമായി പോകുന്ന

സമയത്ത് വലിയ തോതിലുള്ള ഫീസാണ് ഈ അമെന്റ്മെന്റ് വന്നതിനുശേഷവും നൽകേണ്ടിവരുന്നത്. ഇതിനെ ഒരു വരുമാന മാർഗ്ഗമായി സർക്കാർ കാണരുതെന്നാണ് എന്റെ അഭ്യർത്ഥന. Law Commission പറഞ്ഞിരിക്കുന്നത്, ‘ Nowhere in all of India has a system where Court Fee imposed on a proceeding initiated under the Code of Criminal Procedure. This step will defeat the very purpose of the promulgation of Negotiable Instrument Act. എൻ.ഐ. ആക്ടിനു കീഴിൽ വരുന്ന കേസ്സുകൾ ക്രിമിനൽ പ്രൊസീഡ്യൂവർ അനുസരിച്ചാണ് നടക്കുന്നത്. Negotiable Instruments Act-ന്റെ പ്രൊസീഡ്യൂവർ എന്നുപറയുന്നത് ക്രിമിനൽ പ്രൊസീഡ്യൂവർ ആണ്. Cr.PC (Criminal Procedure Code) അനുസരിച്ചാണ്. ആ പ്രൊസിഡ്യൂവറിൽ ഒരു കേസ്സിൽ ഫീസ് ഈടാക്കുന്നത് യുക്തിഭദ്രമല്ല. ഒരു കാരണവശാലും അത് ചെയ്യരുത്. ഇപ്പോഴുള്ള ഈ എൻഹാൻസ്മെന്റ് യഥാർത്ഥത്തിൽ ക്രിമിനൽ ജസ്റ്റീസ് സിസ്റ്റത്തിന്റെ ഒരു accepted position-ന് എതിരായിട്ടുള്ളതാണ്. അതുകൊണ്ട് ഈ രണ്ട് കേസ്സിലും ഫീസ് ഒരുകാരണവശാലും വർദ്ധിപ്പിക്കരുത്. ഫാമിലി കോർട്ടിന്റെ

കാര്യത്തിൽ ഗവൺമെന്റ് കുറേക്കൂടി ലിബറലാണ്. അതിന് ഇപ്പോഴുള്ള ഫീസുതന്നെ വളരെ കൂടുതലാണ്. ഈ രണ്ട് കേസ്സിലും പിൻവലിക്കാൻ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ ബില്ലിനോട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ വിയോജനം രേഖപ്പെടുത്തുന്നു. പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച കാര്യം ഒന്നുകൂടി ആവർത്തിക്കുകയാണ്. ഞാൻ കൂടുതലായി വിശദീകരിക്കുന്നില്ല. 50 രൂപയായിരുന്ന ഫീസാണ് ഇപ്പോൾ മാറ്റം വരുത്തിയിരിക്കുന്നത്. അതിപ്പോൾ ഒഫിഷ്യൽ അമെന്റ്മെന്റിലൂടെ 5,000 രൂപയായും 2,500 രൂപയായും കുറച്ചു. പക്ഷേ 50 രൂപയായിരുന്നതാണ് വർദ്ധിപ്പിച്ചത്. കുടുംബ കോടതിയിൽ പോകുന്നയാളുകൾ എന്നുപറഞ്ഞാൽ, പ്രധാനമായും ജീവനാംശം ലഭിക്കുന്നതിനുവേണ്ടി പോകുന്നവരാണ്. കുടുംബ കോടതികളിൽ വരുന്ന ഭൂരിപക്ഷം കേസ്സുകളും ജീവനാംശം ലഭിക്കുന്നതിനുവേണ്ടിയുള്ള കേസ്സുകളാണ്. അതുപോലെ വിവാഹമോചനവുമായി ബന്ധപ്പെട്ട കേസ്സുകളും വരുന്നുണ്ട്. നിലവിൽ 50 രൂപ മാത്രം സ്റ്റാമ്പ് ഡ്യൂട്ടി ഉണ്ടായിരുന്നതാണ് ഇപ്പോൾ

വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. കുടുംബകോടതികളിലെ സ്ഥിതി എന്നുപറഞ്ഞാൽ, ഏകദേശം ഒന്നരലക്ഷം കേസ്സുകൾ കുടുംബ കോടതികളിൽ കെട്ടിക്കിടക്കുന്നുമുണ്ട്. എന്നുപറഞ്ഞാൽ ഒന്നരലക്ഷം ആളുകൾ, പ്രത്യേകിച്ച് സ്ത്രീകൾ നീതിതേടി കോടതിയെ സമീപിച്ചിരിക്കുകയാണ്. അതെല്ലാം 50 രൂപയ്ക്ക് നിർവഹിച്ചിരുന്ന കാര്യമാണ്. അതാണിപ്പോൾ ഈ രൂപത്തിൽ വർദ്ധിപ്പിച്ചിട്ടുള്ളത്. ഒഫിഷ്യൽ അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ടെങ്കിലും നീതിതേടി നിയമസംവിധാനങ്ങളെ സമീപിക്കുന്നതിന് സാധാരണ ജനങ്ങളെ, വിക്ടിംസായിട്ടുള്ളവരെ പിന്തിരിപ്പിക്കുന്ന നിലപാടായി ഇത് മാറാൻ സാധ്യതയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഒരു ഭേദഗതിയിലൂടെ ചെറിയ തോതിൽ അത് കുറച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും പിൻവലിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആ ഭേദഗതി ഞങ്ങളെല്ലാവരും അവതരിപ്പിച്ചിട്ടുള്ളതാണ്. രണ്ടാമത്തേത് മുദ്രപത്രവുമായി ബന്ധപ്പെട്ടതാണ്. വളരെ ചെറിയൊരു ബില്ലാണിത്, ഇതിൽ നാല് ആക്ടുകളിൽ വരുന്ന മാറ്റങ്ങളാണുള്ളത്.

മോട്ടോർ വെഹിക്കിൾ നികുതി ആക്റ്റിന്റെ ഭാഗമായിട്ടുള്ളതിൽ, സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ബസ്സുകൾക്ക് ത്രൈമാസ നികുതിയുടെ നിശ്ചിത ശതമാനം നികുതി ഈടാക്കാനുള്ള തീരുമാനമാണ് ചാപ്റ്റർ 2 ക്ലോസ് 5-ൽ പറയുന്നത്. പുറത്തുനിന്നുള്ള ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരുന്നതിന് ഇത് വിഘാതമാകുമെന്നാണ് ടൂറിസം മേഖലയിലുള്ളവർ പറയുന്നത്. വിനോദസഞ്ചാരികളെ ആകർഷിക്കാൻ ഒരു ഭാഗത്ത് ശ്രമം നടത്തുമ്പോൾത്തന്നെ, പുറത്തുനിന്നുള്ള വാഹനങ്ങൾക്ക്, ടൂറിസ്റ്റ് ബസ്സുകൾക്ക് കുറച്ചുദിവസം കഴിഞ്ഞാൽ ടാക്സ് ഏർപ്പെടുത്തുന്നത് ഒരു വിപരീതഫലം സൃഷ്ടിക്കുമെന്ന് ചർച്ച ചെയ്യപ്പെടുന്നുണ്ട്. അക്കാര്യം ഗവൺമെന്റ് പരിശോധിക്കണം. അതുപോലെ, അനുബന്ധ മേഖലകളിൽനിന്ന് ഒരു ടൂറിസ്റ്റ് ബസ് സംസ്ഥാനത്തേയ്ക്ക് വരുമ്പോൾ ആ ബസ്സിന്റെ ടാക്സ് മാത്രമല്ല, അനുബന്ധമായി കുറച്ച് ടാക്സുകൂടി സംസ്ഥാനത്തിന് ലഭിക്കും. ജി.എസ്.ടി., ഹോട്ടലുകളിലെ നികുതി തുടങ്ങി ഇൻഡയറക്ടായി ലഭിക്കുന്ന നികുതികളുണ്ട്. അതിനെയെല്ലാം ഇത് ദോഷകരമായി ബാധിക്കുമെന്നാണ് ചർച്ച ചെയ്യപ്പെടുന്നത്. മുദ്രപത്ര ആക്റ്റിന്റെ കാര്യത്തിൽ ഭൂമിയുടെ ന്യായവില

സംബന്ധിച്ച് - നമ്മുടെ നാട്ടിൽ ഏറ്റവുംകൂടുതൽ തൊഴിൽ നൽകുന്ന മേഖലയാണ് റിയൽ എസ്റ്റേറ്റ് മേഖല എന്നതാണ് യാഥാർത്ഥ്യം. ഭൂമിയുടെ ക്രയവിക്രയം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഭൂമി രജിസ്ട്രേഷനും ക്രയവിക്രയവുമായി ബന്ധപ്പെട്ട ടാക്സ് യഥാർത്ഥത്തിൽ കുറഞ്ഞിരിക്കുകയാണ്. അക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി  മറുപടി പറയണം. ട്രാൻസാക്ഷൻ വളരെ കുറഞ്ഞു, ഇടിവ് സംഭവിച്ചിട്ടുണ്ട്. 1969-ലെ മുദ്രപത്ര ആക്റ്റിന്റെ വകുപ്പ് 28(എ)(1 ബി)-യിൽ നിർദേശിച്ചിരുന്ന ഭേദഗതിയിലൂടെ ഭൂമിയുടെ ന്യായവിലയിൽ കാലാകാലങ്ങളിൽ ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. മുൻ സാമ്പത്തിക വർഷങ്ങളിൽ ഇതുപോലെ നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ മതിപ്പുവില ഓരോ വർഷവും വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി ട്രാൻസാക്ഷൻസ് കുറഞ്ഞുവരുന്നുണ്ട്. അതിന്റെ ഫലമായി റിയൽ എസ്റ്റേറ്റ് മേഖലയിലുള്ള നിക്ഷേപം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത്/സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നിക്ഷേപം വരുന്ന മേഖല  റിയൽ എസ്റ്റേറ്റ് മേഖലയാണ്. അതിൽ നേരത്തെ വലിയ ഗ്രോത്തുണ്ടായിരുന്നു. ഇപ്പോൾ ഗ്രോത്ത് കുറയുന്ന

ടെൻഡൻസിയാണുള്ളതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ക്രയവിക്രയങ്ങൾ ഗണ്യമായി കുറയും. അത് നികുതി വരുമാനത്തെ ബാധിക്കുകയും ചെയ്യും. അതുകൊണ്ട് അക്കാര്യത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ പിൻവലിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ നടക്കുന്ന സാഹചര്യം സൃഷ്ടിച്ചാൽമാത്രമേ, ന്യായവില ഉയർത്തുന്നതുമൂലം പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാൻ സാധിക്കൂ. അല്ലാത്തപക്ഷം, ഈ മേഖലയിൽ നിലവിൽ ബാധിച്ചിട്ടുള്ള മാന്ദ്യം തുടരുമെന്നുള്ളതാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

1959-ലെ ആക്റ്റിന്റെ ഭാഗമായി ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രവില കണക്കാക്കുന്നതിനും വാടകക്കെട്ടിടങ്ങളുടെ  സംഗതിയിൽ, കെട്ടിടം വയ്ക്കുന്ന സ്ഥലത്തിന്റെ ഫെയർ വാല്യൂ, വാടക എന്നിവയിൽ ഏതാണ് കൂടുതൽ അതിന്റെ അടിസ്ഥാനത്തിലും, ഫെയർ വാല്യൂ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ ആധാരത്തിൽപ്പറയുന്ന മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലും, ശരാശരി വാർഷിക വാടകയ്ക്ക് പകരം ആകെ വാടകയുടെ അടിസ്ഥാനത്തിലും മുദ്രവില കണക്കാക്കുന്ന വ്യവസ്ഥയാണ് ചെയ്തിരിക്കുന്നത്. അത് വളരെയേറെ

വാടകക്കരാറുകളെ ബാധിക്കുന്ന കാര്യമാണ്. വാടകക്കരാർ രജിസ്ട്രേഷന് ചുമത്തിയ അധികം ഫീസ് ഒഴിവാക്കിയില്ലെങ്കിൽ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനോ വാങ്ങുന്നതിനോ സാധിക്കാത്ത സാഹചര്യമുണ്ടാവും. അതുപോലെ മൈനിംഗ് ലീസുകളിൽ സ്ഥലവില കണക്കാക്കിയാൽ റോയൽറ്റികളെക്കാൾ കുറഞ്ഞിരിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യങ്ങളിൽ വ്യക്തത വരാത്തപക്ഷം നികുതി നിർദ്ദേശങ്ങളുടെ വിപരീതഫലം ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. കൂടാതെ പട്ടികയിലെ ക്രമ. നമ്പർ 16-ൽ നിർദേശിച്ച ഭേദഗതിപ്രകാരം സെയിൽസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ട അധികാരിയായ 'സിവിൽ ഉദ്യോഗസ്ഥർ' ആരൊക്കെയാണെന്ന് വ്യക്തമായി നിർവചിക്കണം.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ആംനസ്റ്റിയെ സംബന്ധിച്ചാണ്. ആംനസ്റ്റിയുടെ കാര്യത്തിൽ ഒരിക്കലും കിട്ടാത്ത പണം എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷേ ഇതുവരെ പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റികൾ പരാജയപ്പെട്ടതിന്റെ കാരണം യാഥാർത്ഥ്യബോധമില്ലാത്ത സമീപനം സ്വീകരിച്ചതിന്റെ ഫലമാണ്. യാഥാർത്ഥ്യബോധത്തോടുകൂടി

ഇതിനെ സമീപിക്കാത്തതിന്റെ പേരിലാണ് കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ഇതിനുമുമ്പ് പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതികൾ പലതും പരാജയപ്പെട്ടത്. ആംനസ്റ്റി പദ്ധതിക്കുമുമ്പ് ഒരു ഫാസ്റ്റ്ട്രാക്ക് ടീമിനെക്കൊണ്ട് തർക്കമുള്ള നികുതിനിർണ്ണയം പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഇപ്രകാരം യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം സ്വീകരിച്ചാൽ മാത്രമാണ് ആംനസ്റ്റി സ്കീമുകളുടെ പ്രയോജനം കുടിശ്ശികക്കാർക്ക് ലഭിക്കാനും അതുപോലെ ആംനസ്റ്റി സ്കീമുകളിലൂടെ സർക്കാരിന് പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാനും ഇതിൽ മാറ്റം വരുത്തിയാൽ മാത്രമേ സാധിക്കൂ. നികുതിനിർണ്ണയം പുനഃപരിശോധിക്കാനായിട്ടുള്ള ഒരു നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇക്കാര്യത്തിൽ സർക്കാർ പ്രായോഗിക സമീപനം സ്വീകരിക്കണം. ആംനസ്റ്റിയുടെ കാര്യത്തിൽ ഒരുകാര്യംകൂടി സൂചിപ്പിക്കാനുണ്ട്. ഓരോ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിലുള്ള ഓരോ ഓർഡറിന്റെ അടിസ്ഥാനത്തിലാണ് ആംനസ്റ്റിയുടെ സെറ്റിൽമെന്റ് നടക്കുന്നത്. അതിലുള്ള പ്രശ്നം, സംസ്ഥാന സർക്കാരിന് ഇതിൽ വലിയൊരു നഷ്ടം സംഭവിക്കാനുള്ള സാധ്യതയുണ്ട്. പ്രത്യേകം പ്രത്യേകം ഓർഡറനുസരിച്ച് പ്രത്യേകം ഓരോ

അസസ്മെന്റിനും.......... ആംനസ്റ്റി പദ്ധതി ഒരു വർഷത്തേയ്ക്കായി നടപ്പാക്കിയിരുന്നെങ്കിൽ ഒരുപക്ഷേ ഇതിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുമായിരുന്നു. ആംനസ്റ്റി ആനുകൂല്യം ലഭിക്കാൻ ഓരോ അസസ്മെന്റ് ഓർഡറിനും പ്രത്യേകം പ്രത്യേകം അപേക്ഷ കൊടുക്കുന്ന രീതിയാണുള്ളത്. ഇങ്ങനെ പ്രത്യേകം പ്രത്യേകം അപേക്ഷ കൊടുക്കുമ്പോൾ പ്രത്യേകം പ്രത്യേകം അതിന്റെ ആനുകൂല്യം ലഭിക്കും. ഇത് ഒരു വർഷത്തേയ്ക്ക് കണക്കാക്കി, എല്ലാ അസസ്മെന്റ് ഓർഡറുകളുംകൂടി ഒരുമിച്ച് കണക്കാക്കി ആംനസ്റ്റി നൽകുകയാണെങ്കിൽ അതായിരിക്കും സർക്കാരിന് വലിയ രീതിയിൽ നേട്ടമുണ്ടാക്കാൻ കഴിയുന്നത്. ഇതാണ് എനിക്ക് ഈ ഭേദഗതികളെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്......10 മിനിട്ടായി.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ ഈ വിഷയം വിട്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. രണ്ടുകാര്യംകൂടി പറയാനുണ്ട്, അത് സാമ്പത്തിക കാര്യമാണ്, വേറെ രാഷ്ട്രീയ കാര്യമൊന്നുമല്ല. കേന്ദ്ര സർക്കാർ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ യാതൊരുവിധ സഹായവും

പഞ്ചായത്തുരാജ് നിയമം നടപ്പാക്കുന്നതിന് നൽകിയിട്ടില്ല എന്നാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞത്. ഇതുസംബന്ധിച്ച് ചില വാർത്തകളും വന്നു. പക്ഷേ ഞാൻ മനസ്സിലാക്കുന്നത്, തെറ്റാണെങ്കിൽ തിരുത്താവുന്നതാണ്. ഓരോ ധനകാര്യ കമ്മീഷനുകളും പ്രത്യേകം പെർഫോർമയിൽ കേന്ദ്ര ധനകാര്യ കമ്മീഷന് അപേക്ഷ നൽകണം. എന്നാൽ 2024-25 സാമ്പത്തിക വർഷം ലഭിക്കാനുള്ള 650 കോടി രൂപ ഇതുവരെ കിട്ടിയിട്ടില്ലെന്നാണ് പ്രധാനമായ ആക്ഷേപം. കേന്ദ്ര സർക്കാരിനെ ന്യായീകരിക്കാൻവേണ്ടിയല്ല ഞാൻ പറയുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് വിവരങ്ങൾ ആരാഞ്ഞുകൊണ്ടുള്ള പെർഫോർമ കേന്ദ്രസർക്കാർ ഏപ്രിൽ മാസം സംസ്ഥാനത്തിന് അയച്ചുകൊടുത്തു. സംസ്ഥാന സർക്കാർ പ്രതികരിച്ചില്ല. അതിനുശേഷം ജൂൺ മാസത്തിൽ വീണ്ടും ഓർമ്മക്കുറിപ്പ് അയച്ചു. അതിനും പ്രതികരിച്ചില്ല. പിന്നീട് ലാസ്റ്റ് വർക്കിംഗ് ഡേ ആണ് ഇതുസംബന്ധിച്ച മറുപടി നൽകിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുകയും അതിനൊരു വ്യക്തത വരുത്തുകയും ചെയ്യണം. കാരണം

ഇത് ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതിനകൂടിയൊരു വ്യക്തത വരുത്തണം. അവസാനമായി ഒറ്റക്കാര്യംകൂടി, ഇവിടെ വിഴിഞ്ഞം തുറമുഖ പദ്ധതിയെക്കുറിച്ച് ധാരാളം കാര്യങ്ങൾ സൂചിപ്പിച്ചു, വിഴിഞ്ഞത്ത് മദർഷിപ്പ് വരുന്നത് സാധാരണമാണ്, സന്തോഷമാണ്. പക്ഷേ അങ്ങേയ്ക്ക് ഇതിനെക്കുറിച്ച് അറിയാമെന്ന് തോന്നുന്നു, എൽ.ഡി.എഫ്.സർക്കാരുകളുടെ കാലത്ത് നടന്ന ടെണ്ടറുകളെല്ലാം പരിസ്ഥിതി അനുമതിയില്ലാതെയാണ് ചെയ്തത്. പരിസ്ഥിതി അനുമതി കിട്ടുന്നതിനുമുമ്പായി കേന്ദ്ര പരിസ്ഥിതി കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കണം. അതിനുള്ള അപേക്ഷപോലും നൽകിയിരുന്നില്ല. വി.എസ്. സർക്കാരിന്റെ കാലത്ത് ടെണ്ടർ ചെയ്തു, അന്ന് ശ്രീ. കെ. എൻ. ബാലഗോപാൽ വി.എസ്.-ന്റെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്നു. പത്തുപതിനൊന്ന് മന്ത്രിമാർ പങ്കെടുത്താണ് ഇതിന്റെ ഉദ്ഘാടനം നടന്നത്. എല്ലാ പത്രങ്ങളിലും അതിന്റെ പരസ്യമുണ്ടായിരുന്നു. പരസ്യത്തിൽ കൊടുത്തിരുന്നത്, വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനത്തിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം എന്നാണ്. അന്ന് 600 മീറ്റർ റോഡിന്റെ നിർമ്മാണമാണ് ഉദ്ഘാടനം ചെയ്തത്. അതുതന്നെ

പൂർത്തിയാക്കിയത് യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷമാണ്. യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷം എല്ലാ പരിസ്ഥിതി അനുമതിയും വാങ്ങി എല്ലാ നടപടികളും പാലിച്ചാണ് ഇത് ടെണ്ടർ ചെയ്തത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ അവസാനിപ്പിക്കുന്നു. ഞാനിത് കൈകാര്യം ചെയ്തിരുന്ന ആളായതുകൊണ്ടാണ് പറയുന്നത്. ഇപ്പോൾ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തി നടക്കുന്നതിൽ, നിങ്ങൾക്കത് പൂർത്തിയാക്കാൻ സാധിച്ചുവെന്നതിൽ അഭിമാനമുണ്ട്. പക്ഷേ നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം, അന്ന് യാതൊരു നടപടികളും സ്വീകരിച്ചിരുന്നില്ല. എല്ലാനടപടികളും സ്വീകരിച്ച് ക്രമപ്രകാരം ടെണ്ടർ ചെയ്തത് ഉമ്മൻ ചാണ്ടി സർക്കാരാണ്. അതുപോലെ ഒരുകാര്യമുള്ളത്, ഇന്ന് നിങ്ങൾ ഇത് കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും അന്ന് നിങ്ങൾ ഈ പദ്ധതിയെ അനുകൂലിക്കുകയല്ല ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് സി.പി.ഐ.(എം) പാർട്ടി സെക്രട്ടറിയായിരുന്നു. 7500 കോടി രൂപയുടെ പദ്ധതിക്ക് 6500 കോടി രൂപയുടെ അഴിമതിയാരോപണം ഉന്നയിച്ചുകൊണ്ടാണ് അദ്ദേഹം

ഈ പദ്ധതിയെ അട്ടിമറിക്കാൻ ശ്രമിച്ചതെന്നുകൂടി ഓർക്കണം. അതുപോലെതന്നെ അന്ന് ഞങ്ങളൊരു അഖില കക്ഷിയോഗം വിളിച്ചുചേർത്തു. അന്ന് സി.പി.ഐ.(എം.)-നെ പ്രതിനിധീകരിച്ച് പങ്കെടുത്ത മുൻ ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ആ കരാറിനെതിരായാണ് പറഞ്ഞത്. ഞങ്ങൾ കൃത്യമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി, നവംബർ 1 ഈ പദ്ധതി ആരംഭിച്ചു, ചിങ്ങം ഒന്നിന് കരാർ ഒപ്പിട്ടു. ആ കരാറിനെക്കുറിച്ച് അഴിമതിയാരോപണം ഉന്നയിച്ചുവെന്ന് മാത്രമല്ല, ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ കമ്മീഷനെ നിയോഗിച്ചുകൊണ്ട്, അഴിമതി അന്വേഷിക്കാൻ ഒരു കമ്മീഷനെക്കൂടി നിയോഗിച്ച് അതിനെ അപലപിച്ച ആളുകളാണ് ഇപ്പോൾ ഭരണപക്ഷത്തിരിക്കുന്നത്. ഇതിനെക്കുറിച്ചും ഇതിന്റെ പിതൃത്വത്തെക്കുറിച്ചും ഇപ്പോൾ തർക്കങ്ങൾ ധാരാളം നടക്കുന്നുണ്ട്. പക്ഷേ ഒരുകാര്യം ഞാൻ പറയാം. ഇതിന്റെ പിതൃത്വത്തെക്കുറിച്ച് തർക്കമുണ്ടായാലും ഇതിന്റെ മാതൃത്വത്തെക്കുറിച്ച് തർക്കമുണ്ടാകാൻ യാതൊരു സാധ്യതയുമില്ല. കാരണം ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരാണ് ഇതിന്റെ മാതാവ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 2024-ലെ ധനകാര്യ ബില്ലിൽ ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് ചില വകുപ്പുകളിലുണ്ടായ ഫീസ് വർദ്ധനവ്/നികുതി വർദ്ധനവിനെതിരായ വിയോജിപ്പാണ് ഞങ്ങൾ രേഖപ്പെടുത്തിയത്. പ്രധാനമായും എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ, കുടുംബ കോടതിയിലെ വ്യവഹാരങ്ങൾക്ക് ബജറ്റിലൂടെ വരുത്തിയ മാറ്റം, വലിയ തോതിലുള്ള കോർട്ട് ഫീസ് വർദ്ധനവുണ്ടായി. അത് കുറയ്ക്കണമെന്ന് നിയമസഭയിൽ ചർച്ചയുണ്ടായി, സബ്ജക്ട് കമ്മിറ്റിയിലും നിർദ്ദേശം വന്നു. അതിനനുസൃതമായ ചില ഭേദഗതികൾ വന്നിട്ടുണ്ടെന്നുള്ളത് ഇക്കാര്യത്തിൽ ആശ്വാസകരമാണ്. കുടുംബകോടതിയുടെ കാര്യത്തിലും, അതുപോലെ നാടൻ ഭാഷയിൽ പറഞ്ഞാൽ, വണ്ടിചെക്ക് കേസിന്റെ കാര്യത്തിലും ചെക്ക് കൊടുത്ത് ആളുകളെ കബളിപ്പിക്കുന്നവർക്കെതിരെ കൊടുക്കുന്ന പരാതി, അതാണ് നെഗോഷിയബിൾ ഇൻസ്ട്രുമെന്റ് ആക്റ്റ് പ്രകാരമുള്ള കേസ്സ് എന്നുപറയുന്നത്. ഈ രണ്ട് കാര്യത്തിലും ബജറ്റിലൂടെ വർദ്ധിപ്പിച്ച ഫീസ് കുറയ്ക്കണം എന്നുള്ളതായിരുന്നു ആവശ്യം. സബ്ജക്ട് കമ്മിറ്റിയിലും അസംബ്ലിയിലും നടന്ന

ചർച്ചയുടെ വെളിച്ചത്തിലാകാം ഇപ്പോൾ ചില ഭേദഗതികൾ വന്നിട്ടുണ്ട്. കുടുംബ കോടതി നിയമം പാസ്സാക്കുന്നതുതന്നെ നമ്മുടെ നാട്ടിലെ നിർദ്ധനരായ പാവപ്പെട്ട സഹോദരിമാർക്ക് വേണ്ടിയാണ്. അവരുടെ വൈവാഹികബന്ധത്തിൽ പ്രയാസങ്ങളുണ്ടാകുമ്പോൾ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുമ്പോൾ, അല്ലെങ്കിൽ വിവാഹമോചനം സംഭവിച്ചവർ അവരുടെ ആനുകൂല്യങ്ങൾക്ക് വേണ്ടി, ഭർത്താവിൽനിന്ന്, ഭർതൃകുടുംബത്തിൽനിന്ന്, അവരുടെ പണവും സ്വത്തുക്കളും സ്വർണ്ണാഭരണങ്ങളും കിട്ടാനുള്ള ഹർജി കൊടുക്കാനാണ് കുടുംബ കോടതി എന്ന് പറയുന്നത്. കുടുംബ കോടതിയുടെ പശ്ചാത്തലത്തിൽ ആദ്യം ഇവരെ യോജിപ്പിക്കാൻ നോക്കുന്നു. കൺസിലിംഗ് ആണ് കുടുംബ കോടതിയുടെ വളരെ പ്രധാനപ്പെട്ട പരിപാടി. അതാണ് ആദ്യത്തെ ചടങ്ങ്. കൺസിലിംഗിലൂടെ ഈ കുടുംബത്തെ യോജിപ്പിക്കാൻ കഴിയുമോയെന്ന് നോക്കും. അത് സാധിക്കാതെ വരുമ്പോൾ ഈ സ്ത്രീക്കുള്ള അവകാശങ്ങൾ കൊടുക്കുക എന്നുള്ളതാണ്. സ്വാഭാവികമായും ഇതിനെല്ലാം വലിയ മൂല്യങ്ങൾ.... ഒരു പുരയിടവും പത്ത് സെന്റ് ഭൂമി ആണെങ്കിലും ഇന്നത്തെ കണക്കിന് കോടിക്കണക്കിന് രൂപ വില മതിക്കും. ആ കോടിക്കണക്കിന്

രൂപയുടെ ഇത്രശതമാനം കെട്ടിവയ്ക്കണമെന്ന് പറഞ്ഞാൽ അതോടുകൂടി അവസാനിച്ചു. ആ സ്ത്രീക്ക് പണം കെട്ടിവയ്ക്കാൻ കഴിയില്ല, കേസ് മുന്നോട്ട് പോകില്ല. ഇപ്പോൾ വരുത്തിയിട്ടുള്ള മാറ്റം വലുതാണ്. നേരത്തെ വലിയ ശതമാനമാണ് പറഞ്ഞിരുന്നത്. ആവശ്യപ്പെടുന്ന സംഖ്യയുടെ ഇത്ര ശതമാനം കെട്ടി വയ്ക്കണമെന്നാണ് പറഞ്ഞിരുന്നത്. അതിപ്പോൾ ഒരു സംഖ്യയായി നിജപ്പെടുത്തി എന്നുള്ള നല്ല മാറ്റം ഇതിലുണ്ട്. എന്നിരുന്നാലും ഞാൻ സഭയെ ഓർമ്മപ്പെടുത്തുന്നത്, കുടുംബ കോടതിയുടെ ഒരു താൽപ്പര്യം, ഒരു രീതിയിലുമുള്ള കോർട്ട് ഫീസുമില്ലാതെ ഇത് നടത്തണമെന്ന താൽപ്പര്യമാണ് പഴയ കാലത്ത് കുടുംബ കോടതി നിയമം വരുമ്പോൾ ഉണ്ടായിരുന്നത്. ചെക്ക് കേസ്സിന്റെ കാര്യത്തിൽ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. ഔദ്യോഗികമായ ഭേദഗതികൾ വന്നിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ മറ്റൊരു സംഗതിയുള്ളത്, സർക്കാരിന് പിരിഞ്ഞുകിട്ടാനുള്ള കോടിക്കണക്കിന് രൂപ ചില ഇളവുകളിലൂടെ ലഭ്യമാക്കാൻവേണ്ടി ഈ ബില്ലിന്റെ മൂന്നാം അധ്യായത്തിൽ പറയുന്നത് ആംനസ്റ്റി സ്കീമാണ്. ആംനസ്റ്റി സ്കീം സ്വാഗതാർഹമാണ്. പക്ഷേ, അതുകൊണ്ട് സർക്കാരിന്റെ പർപ്പസ് നടക്കണം. 2017 മുതൽ 2023 വരെ ഒരുപാട്

ആംനസ്റ്റി സ്കീമുകളുണ്ടായി. പക്ഷേ വിചാരിച്ച സംഖ്യ വന്നില്ല. അപ്പോൾ അതിൽ അടിസ്ഥാനപരമായൊരു പ്രശ്നമുണ്ട്. എന്താണത്? നികുതി നിർണ്ണയത്തിലാണ് ഈ പാർട്ടിക്ക് സർക്കാരുമായി അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റുമായി അഭിപ്രായ വ്യത്യാസമുള്ളത്. നികുതി നിർണ്ണയിച്ച രീതി ശരിയല്ല. അല്ലെങ്കിൽ ഈ രീതിയിൽ ഇത്രയും സംഖ്യ എടുക്കാൻ പാടില്ല, എന്നൊക്കെയാണ് ടാക്സ് എടുക്കേണ്ടയാളുടെ (tax payer) വാദം. അതിലൊരു പരിഹാരമുണ്ടാകാതെ അയാൾ അടയ്ക്കേണ്ട നികുതി എന്ന് ഗവൺമെന്റ് തീരുമാനിച്ച സംഖ്യക്ക് വീണ്ടും ഇളവുകൊടുത്താൽ അതിൽ അടവ് വരണമെന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനൊരു അദാലത്ത് ഉണ്ടാക്കുന്നത്, ഒരോരുത്തരും അടയ്ക്കേണ്ട നികുതി നിർണ്ണയിച്ച് സംഗതി അവരെ ബോധ്യപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ തെറ്റ് തിരുത്തി പുനഃനിർണ്ണയം നടത്തി ഇളവുകൾകൂടി അനുവദിച്ചുകൊടുത്താൽ സർക്കാരിന്റെ ഖജനാവിലേക്ക് വരേണ്ട കോടിക്കണക്കിന് രൂപ വരും. അല്ലെങ്കിൽ ഇതിനുമുമ്പ് പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമുകളെപ്പോലെ ഈ ആംനസ്റ്റി സ്കീമും പ്രത്യേകിച്ച് ഫലവും ഗുണവും ചെയ്യാതെ പോകുന്നു എന്നുള്ളത് നമ്മൾ

കാണേണ്ടി വരും. അതുപോലെ ഇതിനകത്തൊരു തടസ്സവാദം തുടക്കത്തിൽതന്നെ പറഞ്ഞിരുന്നു. ഈ അധ്യായം 3 എന്ന് തുടങ്ങണം, എന്നുമുതൽ തുക പിരിക്കണം എന്ന് തീരുമാനിക്കാനുള്ള അധികാരം ഈ ബിൽ പ്രകാരം ടാക്സ് കമ്മീഷണർക്കാണ് കൊടുത്തിട്ടുള്ളത്. അത് നിയമസഭ തീരുമാനിക്കേണ്ടൊരു സംഗതിയാണ്. ഞാൻ തടസ്സവാദം ഉന്നയിച്ചപ്പോൾ അക്കാര്യം പറഞ്ഞിരുന്നു, ബിൽ ആദ്യമേ പ്രസന്റ് ചെയ്തുപോയി സാങ്കേതികമായി ഇപ്പോൾ ആ തടസ്സവാദം ഉന്നയിക്കുന്നതിൽ പ്രസക്തിയില്ല എന്നാണ് അന്ന് മറുപടി പറഞ്ഞത്. അങ്ങനെ ആകട്ടെ, ടെക്നിക്കലി അത് കറക്ടാണ്. പറയേണ്ടത് കുറച്ച് മുമ്പായിരുന്നു. പക്ഷേ ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത് ഒരു നിയമസഭയുടെ അധികാരം എക്സിക്യൂട്ടീവിലെ ഒരു ഉദ്യോഗസ്ഥന് കൈമാറാൻ പാടില്ല. എന്നുമുതൽ പിരിക്കാമെന്ന് സർക്കാരിന് തീരുമാനിക്കാം. ഇവിടെയുള്ള നിയമപ്രകാരം എല്ലാ നികുതികളും പിരിക്കേണ്ടത് ഏപ്രിൽ 1 മുതലാണ്. എന്നാൽ അധ്യായം 3-ലെ ഈ പറഞ്ഞ ആംനസ്റ്റികൾ എന്ന് പിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥയില്ല. അത് തീരുമാനിക്കാനുള്ള അധികാരം ടാക്സ് കമ്മീഷണർക്ക് കൊടുത്തു എന്നുള്ളത്

നമ്മുടെ ലെജിസ്ലേഷന്റെ ഡെലിഗേഷൻ ഓഫ് പവർ, അധികാരം കൈമാറുന്ന അല്ലെങ്കിൽ ഡെലിഗേറ്റ് ചെയ്യുന്നതിന്റെ തത്വങ്ങൾക്ക് വിരുദ്ധമാണ്. ഇതിന് ബഹു. സുപ്രീംകോടതിയുടെ വളരെ കൃത്യമായ ഡയറക്ഷൻസുമുണ്ട്. അതുകൊണ്ടുതന്നെ അത് സർക്കാരിന് തീരുമാനിക്കാമെന്നാക്കി ഒരു ഭേദഗതി വരുത്തുന്നത് നല്ലതാകുമെന്നൊരു അഭിപ്രായം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. കാരണം ഒരു ഉദ്യോഗസ്ഥൻ ലെജിസ്ലേറ്റീവ് പവർ, നമുക്കുള്ള അധികാരം, നിയമസഭയ്ക്കുള്ള അധികാരം അത് സർക്കാരിനുവേണം കൈമാറാൻ.... സർക്കാരിനുപോലും കൈമാറാൻ പാടില്ലെന്നുള്ളതാണ്. ഇവിടെത്തന്നെ തീരുമാനമാക്കണമെന്നതാണ് വ്യവസ്ഥ. അത് കേവലമൊരു ഉദ്യോഗസ്ഥനിലേക്ക് മാറ്റുന്നത് ശരിയല്ലെന്നുള്ളത് ഞാൻ ഇതിന്റെ ഭാഗമായി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഇവിടെ ചർച്ചയിൽ വന്നൊരു സംഗതിയാണ് കിഫ്ബി. ഞാൻ അതിന്റെ മറ്റ് വശങ്ങളിലേക്കൊന്നും പോകുന്നില്ല. ബജറ്റിന് പുറത്ത് കടമെടുത്തതും അതുമായുണ്ടായ പ്രതിസന്ധിയുമൊക്കെ വേറെ കാര്യം. ഇപ്പോൾ കിഫ്ബിയിൽ നമ്മൾ പുതിയ പദ്ധതികൾ ഏറ്റെടുക്കുകയോ,

പ്രഖ്യാപിക്കുകയോ ചെയ്യുന്നില്ല. എന്നാൽ ഏറ്റെടുത്ത ചില വൻ പദ്ധതികളുടെ സ്ഥിതിയെന്താണ്? രണ്ടുംമൂന്നും ഘട്ടങ്ങളിലുള്ള ചില പദ്ധതികളുണ്ട് - എന്റെ മണ്ഡലത്തിലെ അട്ടപ്പാടിയിലേയ്ക്കുള്ള റോഡ്, മണ്ണാർക്കാട്-അട്ടപ്പാടി റോഡ്. ഡോ. തോമസ് ഐസക് ആദ്യം കിഫ്ബി പ്രഖ്യാപിച്ചപ്പോൾ കിഫ്ബിയിലുൾപ്പെടുത്താനായി ഒരു നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട വർക്ക് എഴുതി തരാൻ പറഞ്ഞു. ഞാൻ ഏറ്റവും പ്രധാനപ്പെട്ട, വലിയ തുക ചെലവ് വരുന്ന, അന്തർസംസ്ഥാന പാതയായ ഈ റോഡിന്റെ പേര് കൊടുത്തു. പക്ഷേ എന്റെ ഒരുപാട് ചെരുപ്പുകൾ കിഫ്ബിയിലേക്ക് നടന്ന് തേഞ്ഞുതേഞ്ഞു പോയി. മൂന്ന് ഘട്ടമായി റോഡ് ചെയ്യുന്നവെന്ന് അവസാനം തീരുമാനമായി. ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം ആരംഭിച്ചു. രണ്ടാംഘട്ടത്തിനുവേണ്ടി ഇതുപോലെ നിരന്തരം പോയി, ഇപ്പോൾ രണ്ടാംഘട്ടത്തിന് ടെണ്ടർ ആയിട്ടുണ്ട്. മൂന്നാം ഘട്ടത്തെക്കുറിച്ച് ഇതുവരെ ഒരു തീരുമാനമെടുത്തിട്ടില്ല. കിഫ്ബിയിൽ പുതിയ വർക്കുകളൊന്നും എടുക്കുന്നില്ല. പഴയൊരു ശോഭ കിഫ്ബിയിൽ ചെല്ലുമ്പോൾ കാണുന്നില്ല. ആൾക്കാരൊന്നുമില്ല, എല്ലാം കുറഞ്ഞു കുറഞ്ഞു വരികയാണ്. ഞാൻ

മനസ്സിലാക്കുന്നത് കിഫ്ബി വൈൻഡ്അപ്പിലേക്ക് പോകുന്നുവെന്നാണ്. അപ്പോൾ മൂന്നാം ഘട്ടം എന്താകും; കിഫ്ബി ഏറ്റെടുത്തൊരു പദ്ധതിയാണ്. അതിനെക്കുറിച്ച് സർക്കാരിന് എന്ത് വ്യക്തതയാണുള്ളത്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നുണ്ടോ? അല്ലെങ്കിൽ ഏറ്റെടുത്ത പദ്ധതികളുടെ ഓരോ ഘട്ടങ്ങളിലെയും സ്ഥിതി എന്തായിരിക്കുമെന്നുള്ളത് മറുപടി പ്രസംഗത്തിൽ പറയേണ്ടതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, 2016-ലാണ് മലപ്പുറം ഗവൺമെന്റ് വിമൻസ് കോളേജ് ആരംഭിച്ചത്. എട്ട് വർഷമായിട്ടും ഇപ്പോഴും അത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 15 കോടി രൂപ കിഫ്ബിയിൽ നിന്ന് പാസ്സായിട്ട് വർഷങ്ങളായി. ഇതുവരെയും അതിന്റെ വർക്ക് തുടങ്ങിയിട്ടില്ല. ഇപ്പോൾ കുട്ടികളുടെ അഡ്മിഷനും കാര്യങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. എട്ട് വർഷമായിട്ടും ഒരു ഗവൺമെന്റ് വനിതാ കോളേജ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുക എന്നുപറയുന്നത് ഇന്നത്തെ കാലഘട്ടത്തിൽ നമുക്ക് ഒരിക്കലും ഭൂഷണമല്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് കിഫ്ബിയുടെ

ഫണ്ടുപയോഗിച്ച് ആ ബിൽഡിങ്ങിന്റെ നിർമ്മാണം നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കിഫ്ബിയുമായി ബന്ധപ്പെട്ട് പറഞ്ഞതുകൊണ്ടാണ് അതിൽ ഇടപെടുന്നത്. എന്റെ മണ്ഡലത്തിൽ മണ്ണൂർ-പോഞ്ഞാശ്ശേരി എന്ന റോഡ് 23 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തു. ആറുവർഷംകൊണ്ടാണ് പൂർത്തീകരിച്ചത്. പൂർത്തീകരിച്ചപ്പോൾ ഫണ്ട് തികയാത്തതുകൊണ്ട് രണ്ട് കിലോമീറ്റർ ഭാഗം ഒഴിവാക്കിയാണ് നിർമ്മാണം നടത്തിയത്. ഇത്തരം കാര്യങ്ങളൊക്കെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പറഞ്ഞുവന്നത് കിഫ്ബിയിൽ ഏറ്റെടുത്ത ഇത്തരം പദ്ധതികളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയാണ്. എന്റെ മണ്ഡലത്തിലെ അട്ടപ്പാടി റോഡിനെക്കുറിച്ച് നമ്മളിവിടെ സംസാരിച്ചു. നമ്മൾ ഏറ്റവും പ്രയോരിറ്റി കൊടുക്കേണ്ടൊരു സംഗതിയാണ്. കാരണം ആദിവാസികൾ താമസിക്കുന്ന 192 ആദിവാസി ഊരുകളുള്ള ഒരു പ്രദേശമാണ് അട്ടപ്പാടി. തമിഴ്നാട്ടിലെ കോയമ്പത്തൂർ പേകുന്ന റോഡാണിത്. അതിന് നമ്മൾ പ്രയോരിറ്റി കൊടുക്കണം.

ശ്രീമതി ശാന്തകുമാരി കെ.: സർ, (മൈക്ക് ഓഫ്)......ഊരുകളെന്ന് പറയാൻ പാടില്ല. ‘ നഗർ' എന്നാണ് പറയേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോളനി എന്ന് പറയാൻ പാടില്ലെന്നെ പറഞ്ഞിട്ടുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോളനി എന്ന് പറയാൻ പാടില്ലെന്നാണ്. അതിന് പകരം പേര് വയ്ക്കണമെന്നാണ്. ഊരെന്ന് പറയുന്നത് ഒരു നാടൻ പ്രയോഗമാണ്. 'നഗർ' എന്ന് പറയാം, എനിക്കതിൽ തർക്കമില്ല. 196 ആദിവാസി നഗറുകളുള്ള സൽഗ്രാമം.... എന്തുവേണമെങ്കിലും പറയാം. അതിനൊന്നും കുഴപ്പമില്ല, അതിലൊന്നും തർക്കമില്ല..... അപ്പോൾ അങ്ങനെയുള്ളൊരു പ്രദേശമാണ്. അങ്ങോട്ട് പോകുന്ന റോഡ് ആയതുകൊണ്ട് ഒന്നുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മൂന്നാം ഘട്ടത്തിനുവേണ്ടിയുള്ള ഫണ്ട് അനുവദിച്ചിട്ടുമാത്രമേ കിഫ്ബി പൂട്ടാവൂ എന്നുകൂടി ഓർമപ്പെടുത്തുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... പ്ലീസ്...പ്ലീസ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ദീർഘിപ്പിക്കുന്നില്ല. വന്ന മാറ്റങ്ങൾ നല്ലതാണ്. ഇവിടെ പറഞ്ഞ രണ്ടുമൂന്ന് സംഗതികളിൽ കുറച്ചുകൂടി തുക കുറച്ചുനൽകാൻ കഴിയുമെങ്കിൽ അത് സ്വാഗതാർഹമാണ്. ഞാൻ ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റിൽ മൂന്നാം വകുപ്പിൽ നിർദേശിച്ചിട്ടുള്ള ഭേദഗതി പ്രകാരം സംസ്ഥാനത്ത് സ്വന്തമായി സോളാർ ഉൾപ്പെടെ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന വൈദ്യുതി തീരുവ യൂണിറ്റിന് 1.2 പൈസയിൽനിന്നും 15 പൈസ നിരക്കിലേക്ക് ഗണ്യമായി ഉയർത്തുന്നതിനും ലൈസൻസികൾ വില്ക്കുന്ന ഓരോ യൂണിറ്റിനുള്ള വൈദ്യുതി 6 പൈസയിൽനിന്നും 10 പൈസയായി വർധിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതിലുള്ള വിയോജിപ്പ് ഞങ്ങൾ രേഖപ്പെടുത്തിയിരുന്നു. ഈ വിയോജിപ്പ് അംഗീകരിച്ച് ഈ നിരക്ക്

വർധനവിൽനിന്നും പിന്മാറാൻ സർക്കാർ തയ്യാറായതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിനെ സ്വാഗതം ചെയ്യുകയാണ്.

1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ കുടുംബ കോടതികളിലെ ഫീസിനെ സംബന്ധിച്ച് എല്ലാവരും സൂചിപ്പിച്ചു. കുടുംബ കോടതികളിലെ ഫീസ് വർദ്ധനവ് സാധാരണക്കാരെ പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെ പ്രയാസമുളവാക്കുന്ന കാര്യമാണ്. കുടുംബ കോടതികളിലെ ഫീസ് രണ്ടുലക്ഷം രൂപ വരെ ഉയർത്തുമെന്ന വ്യവസ്ഥ അംഗീകരിക്കാൻ ഒരിക്കലും സാധിക്കില്ല. അവർക്ക് താങ്ങാവുന്നതും ന്യായമായ രീതിയിലുമുള്ള ഫീസിലേക്ക് എത്തണമെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

1959-ലെ കേരള മുദ്രപത്ര ആക്റ്റിൽ സ്റ്റാമ്പ് ഡ്യൂട്ടിയുടെ വർധനവ് സംബന്ധിച്ച് സൂചിപ്പിച്ചു. വാടകയ്ക്ക് താമസിക്കുന്നവർക്ക് കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയാക്കിയെന്നാണ് ഈ ബില്ലിൽ പറയുന്നത്. സാമ്പത്തിക പ്രതിസന്ധിയുള്ള ഒരാൾ അവരുടെ വീട് വിറ്റാണ് വാടകയ്ക്ക് വീട് എടുക്കുന്നത്. വാടക വീട്ടിൽ താമസിക്കുന്നവരുടെ സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയെന്നത്

താങ്ങാനാകില്ല. അത് മിനിമം അഞ്ഞൂറ് രൂപയോ അതിൽ താഴെയോ ആക്കണമെന്നാണ് എന്റെ അഭിപ്രായം.

ആംനസ്റ്റി സ്കീമുകളെക്കുറിച്ച് ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആംനസ്റ്റി സ്കീമുകൾ വിജയിക്കാത്തത് നികുതി നിർണ്ണയത്തിലെ പിഴവുകൾകൂടി പരിഗണിച്ചുള്ള പ്രായോഗികമായ ഇളവുകൾ നൽകാത്തതിനാലാണ്. ആയതിനാൽ അൻപതിനായിരം മുതൽ അഞ്ച് ലക്ഷം വരെയുള്ള നികുതി, സർചാർജ്, പിഴ, പലിശ എന്നിവയ്ക്ക് കുറച്ചുകൂടി ഇളവ് നൽകാനുള്ള സാഹചര്യമുണ്ടാകണം. കുറച്ച് കാര്യങ്ങൾ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ദിവസംമുമ്പ് വളരെ ദാരുണമായ ഒരു സംഭവമുണ്ടായി. 39 വയസ്സുള്ള ഇടക്കുളങ്ങര-വൈപ്പിൽ വടക്കതിൽ അബ്ദുൽ സലാം ഇലക്ട്രിസിറ്റി ലൈൻ ചതുപ്പ് നിലത്തിൽ പൊട്ടിവീണ് മരണപ്പെട്ടു. നിരവധി തവണ വൈദ്യുതി ലൈനിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന്

വൈദ്യുതി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടും പരിഹാരിച്ചില്ല. 100 മീറ്റർ നീളത്തിലുള്ള ലൈനിൽ 18 ജോയിന്റുകളുണ്ടായിരുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥനിമിത്തം മൂന്ന് കുഞ്ഞുങ്ങളുടെ പിതാവായ 39 വയസ്സുള്ള അബ്ദുൽ സലാം മരണപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വൈദ്യുതി വകുപ്പ് മന്ത്രിയോട് ഇപ്പോൾ ചോദിക്കാൻ പാടില്ല. പ്ലീസ്...... ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയാണ് നടക്കുന്നത്. പ്ലീസ് .......ശ്രീ. അൻവർ സാദത്ത് സംസാരിക്കു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഇതൊരു ദാരുണമായ സംഭവമായതിനാൽ മാനുഷിക പരിഗണന അറിയിക്കുന്ന വിഷയമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവർക്ക് നഷ്ടപരിഹാരം നൽകുവാനും ആശ്രിത നിയമനം നടത്തുവാനുമുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ശ്രീ. സി. ആർ. മഹേഷ് പറഞ്ഞത് തികച്ചും ന്യായമാണ്. പത്രത്തിൽ വായിച്ചപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. അദ്ദേഹം പറഞ്ഞ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ

മറുപടി നൽകിയാൽ വളരെ നല്ലതായിരിക്കും. അത് പൊതുസമൂഹം ആഗ്രഹിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഇലക്ട്രിസിറ്റി സംവിധാനങ്ങൾ പുതിയ രീതിയിലേക്ക് മാറ്റേണ്ടതുണ്ട്. അതിനുവേണ്ടി ഞാൻ ആലുവയിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആലുവ നിയോജകമണ്ഡലത്തിലെ എല്ലാ വൈദ്യുതി ലൈനുകളും ഒരു അണ്ടർ ഗ്രൗണ്ട് കേബിൾ സിസ്റ്റത്തിലേക്ക് മാറിയിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിന് കേന്ദ്രത്തിൽനിന്ന് തുക ലഭിക്കുന്നതിനാൽ സംസ്ഥാന ഗവൺമെന്റുകൂടി സഹകരിക്കണം. അതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയപ്പോൾ വലിയൊരു എസ്റ്റിമേറ്റാണ് വന്നിരിക്കുന്നത്. 11 കെ.വി. ലൈനിന് 600 കിലോമീറ്റർ ചുറ്റളവ്. അതായത്, ലൈൻ വലിക്കുന്ന എസ്റ്റിമേറ്റാണ് ഇലക്ട്രിസിറ്റി നൽകിയിരിക്കുന്നത്. അതുപോലെ, എൽ.ടി. ലൈൻ 1620 കിലോമീറ്റർ നീളമാണ്. ഇതിന്റെ പദ്ധതി ചെലവിനായുള്ള തുക ഏകദേശം 1549 കോടി രൂപയാണ്. അതിന്റെ മൊത്തം ചെലവും ഇലക്ട്രിസിറ്റിയാണ് നൽകുന്നത്. വലിയ തുകയാണ്. കേരളത്തിൽതന്നെ ആലുവ നിയോജകമണ്ഡലം ഒരു മോഡലാക്കി മാറ്റാനാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ധനകാര്യ ബില്ലാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പൈസയുടെ ആവശ്യമുള്ളതുകൊണ്ടാണ് ഇത് പറയുന്നത്. 1549 കോടി രൂപ നൽകി ആലുവ നിയോജകമണ്ഡലം മുഴുവൻ അണ്ടർ ഗ്രൗണ്ട് കേബിളാക്കി മാറ്റിയാൽ അതിന്റെ നേട്ടം ഗവൺമെന്റിന് ലഭിക്കുകയും ചെയ്യും. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൂടാതെ അവിടെ വൻതോതിലുള്ള വോൾട്ടേജ് ക്ഷാമത്തിന്റെ പ്രശ്നമുണ്ട്. അതിലേയ്ക്ക് കൂടുതൽ ഫണ്ട് മാറ്റിവയ്ക്കണം. നെടുമ്പാശ്ശേരി അത്താണിയിൽ KAMCO (Kerala Agro Machinery Corporation Limited) സബ്സ്റ്റേഷൻ സ്ഥാപിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇതൊരു സബ്മിഷനായി അവതരിപ്പിച്ചാൽ മതി.

ശ്രീ. അൻവർ സാദത്ത്: സർ, അതിന് സബ്മിഷൻ എപ്പോഴും ലഭിക്കില്ലല്ലോ. ആലുവ-പറവൂർ കവലയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണം. ബഹുമാനപ്പെട്ട മന്ത്രി പി. രാജീവിന്റെ നിയോജക മണ്ഡലത്തിലുൾപ്പെടെയുള്ളതാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി

ആലുവ മുനിസിപ്പാലിറ്റിയിലെ പറവൂർ കവലയിലും ചൊവ്വരയിലും സബ്സ്റ്റേഷനുകൾ അനുവദിക്കാൻ സാഹചര്യമുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ധനകാര്യ ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം അങ്ങ് മറ്റ് വിഷയങ്ങളിലേയ്ക്കാണ് പോകുന്നത്. അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയോട് അടുത്ത ദിവസത്തെ സബ്മിഷനായി ചോദിച്ചാൽ മതി. പ്ലീസ് കൺക്ലൂഡ്......

ശ്രീ. അൻവർ സാദത്ത്: സർ, പല സ്ഥലത്തും വോൾട്ടേജ് ക്ഷാമമുള്ളതിനാൽ പല സ്ഥലങ്ങളിലും ട്രാൻസ്ഫോർമർ ആവശ്യമുണ്ട്. ഞാൻ അതിന്റെ കണക്കുകൾ പരിശോധിച്ചപ്പോൾ നൂറ്റി ചില്വാനം ട്രാൻസ്ഫോർമർ പുതിയതായി വേണം. അക്കാര്യവും ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വോൾട്ടേജ് ക്ഷാമം ആലുവയിൽ മാത്രമല്ല, കേരളത്തിലെ മൊത്തത്തിലുള്ള പ്രശ്നമാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സബ്സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി പ്രത്യേക ഫണ്ട് മാറ്റിവയ്ക്കണം.

പൊതുമേഖലാ സ്ഥാപനമായ കാംകോ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. അതിന് സാമ്പത്തികസഹായം നൽകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കനിയണം. അവിടെയുള്ള തൊഴിലാളികൾക്ക് തൊഴിലില്ല. അത് ഭംഗിയായി മുന്നോട്ടുപോകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈയെടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഈ വിഷയം സബ്മിഷനായി അവതരിപ്പിച്ചതാണ്. സബ്ജക്റ്റ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് വിയോജനകുറിപ്പിന്റെ വിഷയം പറയൂ. അങ്ങേയ്ക്ക് പറയാൻ വിഷയമില്ലെങ്കിൽ അവസാനിപ്പിക്കൂ.

ശ്രീ. അൻവർ സാദത്ത്: സർ, ഈ ബില്ലിന്മേൽ എന്റെ വിയോജനം രേഖപ്പെടുത്തി അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്ടിലെ മൂന്നാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ പ്രകാരം, സംസ്ഥാനത്ത് സ്വന്തമായി സോളാർ ഉൾപ്പെടെ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കളിൽനിന്നും

ഈടാക്കുന്ന വൈദ്യുതി തീരുവ യൂണിറ്റിന് 1.2 പൈസയിൽനിന്നും 15 പൈസ നിരക്കിലേയ്ക്ക് ഗണ്യമായി ഉയർത്തുന്നതിനും ലൈസൻസികൾ വിൽക്കുന്ന ഓരോ യൂണിറ്റിനും വൈദ്യുതി 6 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നുള്ളതാണ് ഞാൻ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയത്. സബ്ജക്റ്റ് കമ്മിറ്റിയിൽ അത് ചർച്ചയ്ക്ക് വന്നപ്പോൾ, മേൽപ്പറഞ്ഞ നികുതി നിർദ്ദേശം ഊർജ്ജ സംരക്ഷണരംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന സോളാർ ഉപഭോക്താക്കളെ വലിയരീതിയിൽ ബാധിക്കുന്നുവെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങത് റിപ്പോർട്ട് ചെയ്തത് നല്ല കാര്യമാണ്. ആഗോളതലത്തിൽ, വൈദ്യുതിമേഖലയിൽ സോളാറിന്റെ വരവിനെ ആകർഷിപ്പിക്കാനുള്ള ഇടപെടലുകൾ നടത്തുന്ന സന്ദർഭത്തിൽ സോളാറുകാരെ ആ മേഖലയിൽനിന്നും പിന്തിരിപ്പിക്കാനുള്ള ഒരു വർദ്ധനവായി തീർച്ചയായും ഇത് മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സോളാർ രംഗത്ത് നെറ്റ് മീറ്റർ സംവിധാനമാണ് എല്ലാ സംസ്ഥാനങ്ങളിലും ഉപയോഗിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുനിന്നും അത്

മാറ്റാനുള്ള ശ്രമം സർക്കാരിപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നെറ്റ് മീറ്ററിലൂടെ ലഭിക്കുന്ന ഗുണമെന്ന് പറയുന്നത്, 1000 യൂണിറ്റ് ഒരു ഉപഭോക്താവ് ഉല്പാദിപ്പിച്ചാൽ അതിൽ 500 യൂണിറ്റ് അവർ ഉപയോഗിച്ചെങ്കിൽ ആ 500 യൂണിറ്റ് കെ.എസ്.ഇ.ബി.-യിലേയ്ക്ക് നൽകുമ്പോൾ അതിന്റെ ലാഭം സോളാർ ഉല്പാദിപ്പിക്കുന്ന ഉപഭോക്താവിന് നൽകിയിരുന്നു. എന്നാലിപ്പോൾ മൊത്തം 1000 യൂണിറ്റ് ഉപയോഗിച്ചാലും കെ.എസ്.ഇ.ബി. ഒരു ലാഭവും നൽകുന്നില്ല. പരിപൂർണ്ണമായി കെ.എസ്.ഇ.ബി.-യിലേയ്ക്ക് നൽകുന്ന നിർദ്ദേശത്തെക്കുറിച്ച് കേരളത്തിലെ പലസ്ഥലങ്ങളിലും ചർച്ച ചെയ്യുമ്പോൾ സോളാർരംഗത്ത് വലിയരീതിയിൽ പിന്മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിന്റെ തൊട്ടടുത്ത കർണാടക നിയോജകമണ്ഡലത്തിൽ 4.15 രൂപ നൽകുമ്പോൾ കേരളം അത് 3 രൂപയിലേയ്ക്ക് കുറയ്ക്കുകയും ഇനി രണ്ടുരൂപയിലേയ്ക്ക് കുറയ്ക്കുന്ന ഒരവസ്ഥ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. അത് സോളാർരംഗത്തെ വലിയ പ്രതിസന്ധിയിലേയ്ക്ക് കൊണ്ടുപോകുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ അംഗം സോളാർ എനർജിയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട കാര്യമാണ് പറഞ്ഞത്. കേരളത്തിലെ ഓൾട്ടർനേറ്റീവ് എനർജി സോഴ്സുകളെക്കുറിച്ച് വളരെ വിപുലമായ ചർച്ചകൾ നടക്കുന്ന ഒരു സമയമാണിതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവിടത്തെ പരമ്പരാഗതമായ വൈദ്യുതിയുടെ സംഭരണരീതികളും വൈദ്യുതി നിർമ്മാണ പ്രതിസന്ധിയും വലിയതോതിൽ അനുഭവിക്കുന്ന ഒരു ഘട്ടത്തിൽ ഇതിനെ പ്രൊമോട്ട് ചെയ്യുന്നതായി നാട്ടിൽ മുഴുവനും സോളാർ എനർജിയിലേയ്ക്കുള്ള ഒരു കൺവെർഷനുവേണ്ടി നമ്മൾ വലിയതോതിൽ ശ്രമം നടത്തിയിരുന്നു. അതിന്റെ ഭാഗമായി സോളാർ ഉപയോഗിക്കുന്ന ആളുകൾ ഗ്രിഡിലേയ്ക്ക് അത് കൊടുത്തുകഴിഞ്ഞാൽ അവർക്ക് വലിയതോതിൽ നികുതിയിളവുകൾ നൽകുകയും കെ.എസ്.ഇ.ബി. ബിൽ കുറയുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. ഭീമമായ കെ.എസ്.ഇ.ബി. ബിൽ താങ്ങാൻ കഴിയാത്തതിന്റെ പേരിൽ മാത്രമാണ് പലരും സോളാർ സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ സോളാർ സ്ഥാപിക്കാൻ വേണ്ടിവരുന്ന വലിയ തോതിലുള്ള ചെലവുകളെക്കുറിച്ച് നമുക്കറിയാം. സോളാർ എനർജിക്ക് വലിയതോതിൽ

പ്രോത്സാഹനം നൽകിക്കൊണ്ട് കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് കൊടുക്കാൻ ശ്രമിച്ചുവെങ്കിലും അവസാനം അതെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയുമാണ്. ഇപ്പോൾ അതിലുള്ള പ്രശ്നം, ബഹുമാന്യനായ മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. ഇക്കാര്യത്തിലേയ്ക്കായി ഒരു സംഘടന തന്നെ ഉണ്ടായിരിക്കുകയാണ്. അതായത്, സോളാർ എനർജി ഉപയോഗിക്കുന്നവർ ഗ്രിഡിലേയ്ക്ക് കൊടുക്കുന്നവരുടെ ഒരു സംഘടനയുണ്ടാക്കിയിട്ടുണ്ട്. ആ സംഘടനയുടെ ഭാരവാഹികൾ ഇക്കഴിഞ്ഞ ദിവസം എന്റെ ഓഫീസിൽ വരികയും നേരത്തെ ഗവൺമെന്റ് വാഗ്ദാനം ചെയ്തതിൽ നിന്നെല്ലാം പുറകോട്ടുപോയെന്നും ഞങ്ങൾക്ക് വളരെ ചെറിയൊരു സംവിധാനം മാത്രമാണ് നൽകുന്നതെന്നും പറഞ്ഞു. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, തീർച്ചയായും. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തിന് വരുമാനമുണ്ടാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നതിന്റെ ഭാഗമായാണ് ഈ വർദ്ധനവൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. സോളാർ മേഖലയിൽ വലിയ രീതിയിൽ നമുക്ക്

വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. കെ.എസ്.ഇ.ബി. ഓഫീസിൽ സോളാറുമായി ബന്ധപ്പെട്ട് ഒരു നോഡൽ ഓഫീസർ ഇല്ലാത്തതിനാൽ ഡോക്യുമെന്റ്സിന്റെ പ്രശ്നം, നോളഡ്ജിന്റെ കുറവ് എന്നുതുടങ്ങി പല പ്രയാസങ്ങളും അനുഭവിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ 40 ശതമാനം സബ്സിഡി സോളാർ ഉല്പാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് കൊടുക്കുന്നുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പകൽ സമയത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതി 2 രൂപ മുതൽ 2.25 രൂപ വരെ വർദ്ധനവ് വരുന്നുള്ളൂ. പുറത്തുനിന്നും പകൽ വൈദ്യുതി വാങ്ങുമ്പോൾ ഇത് 2.60 രൂപയ്ക്കേ ലഭ്യമാകൂ. നമ്മൾ peak hour-ൽ 16 രൂപ വരെ കൊടുക്കുന്നുണ്ട്. പകൽ സമയത്ത് വൈദ്യുതി കൊടുക്കുന്ന ആളുകൾക്ക്, പകൽ സമയത്തുള്ള ഇലക്ട്രിസിറ്റി ചാർജ് കമ്മിയാക്കിക്കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ റെഗുലേറ്ററി കമ്മീഷന്റെ മുമ്പിൽ അക്കാര്യം അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ പഞ്ചായത്ത് അതിർത്തിയിലുള്ള റോഡിൽ വൈദ്യുതിവിളക്കുകൾ ഇല്ലാത്തതിനാൽ ആന, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണം

വർദ്ധിച്ചുവരുന്നതുകൊണ്ട് ആ റോഡുകളിൽ വൈദ്യുതിവിളക്കുകൾ സ്ഥാപിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് ഇന്ത്യയിൽ വളരെ ഇക്കോഫ്രണ്ട്ലിയായ ഒരുപാട് പദ്ധതികൾ സമർപ്പിച്ച ഒരു സ്റ്റേറ്റാണിത്. കേന്ദ്ര സർക്കാരിൽ Ministry of New and Renewable Energy എന്നപേരിൽ സോളാർ കൈകാര്യം ചെയ്യുന്ന ഒരു വകുപ്പുമന്ത്രിയുണ്ട്. സംസ്ഥാനത്തെ കെ.എസ്.ഇ.ബി. ഓഫീസിൽ ഒരു നോഡൽ ഓഫീസർ പോലുമില്ല. 40 ശതമാനം സബ്സിഡി സെൻട്രൽ ഗവൺമെന്റിൽനിന്നും ലഭിക്കുന്ന എന്ന കാര്യത്തിൽ പലരും അജ്ഞരാണ്. നമ്മുടെ കെ.എസ്.ഇ.ബി. ഓഫീസുകളിൽനിന്നും സബ്സിഡി അപ്രൂവൽ ചെയ്തുനൽകാൻ ഒരു മാസം മാത്രം മതിയെങ്കിലും ആറും എട്ടും മാസം വൈകുന്നതിന്റെ ഫലമായി വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ആഗോളതാപനത്തിന്റെ ഭാഗമായി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഇന്ത്യയ്ക്ക് ഒരു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2030-നുമുമ്പ് 20,000 ഗിഗ്ഗർ വാട്ട്സ്

ഉല്പാദിപ്പിക്കാനുള്ള നിർദ്ദേശം നേരത്തെ നൽകിയതിന്റെ ഭാഗമായി അതിലേയ്ക്ക് ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും വലിയരീതിയിൽ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ സോളാർ മേഖലയിൽ വീണ്ടും നികുതി വർദ്ധിപ്പിച്ച് ഈ മേഖലയിൽനിന്നും അവർ പിന്മാറുന്ന ഒരു അവസ്ഥയിലേയ്ക്ക് പോകുമ്പോൾ അതൊരു വലിയ പ്രതിസന്ധിയിലേയ്ക്ക് എത്തുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. തീർച്ചയായും ഞങ്ങൾ ആ വിയോജനക്കുറിപ്പ് അവതരിപ്പിച്ച സന്ദർഭത്തിൽ തന്നെ അത് പറഞ്ഞതാണ്. ഇവിടെ വൈദ്യുതി വകുപ്പുമന്ത്രി ഇരിക്കുന്നുണ്ട്. ഇത് ധനകാര്യ ബില്ലാണെന്ന് നൂറുശതമാനവും അറിയാം. ഒരു കാലത്ത് ഞങ്ങളൊക്കെ പഠിക്കുമ്പോൾ പവർ കട്ടായിരുന്നുവെങ്കിൽ ഇപ്പോൾ പവർ കട്ടില്ലെന്ന് നമ്മൾ അഭിമാനത്തോടുകൂടി പറയുകയാണ്. പക്ഷേ പവർകട്ടില്ലെങ്കിലും മെയിന്റനൻസിന്റെ പേരുപറഞ്ഞ് മാസത്തിൽ ഒരു ദിവസം മുഴുവൻ ഇലക്ട്രിസിറ്റി ഓഫ് ചെയ്യുന്ന ഒരവസ്ഥ നമ്മൾ കാണുന്നുണ്ട്. ഏതായാലും സോളാറിനെ കൂടുതൽ ആകർഷിപ്പിക്കാനുള്ള ശ്രമവും ഗ്രീൻ എനർജിക്കുവേണ്ടിയുള്ള ശ്രമവും നടത്തിയാൽ തീർച്ചയായും ഈ രംഗത്ത് മാതൃകാപരമായ മാറ്റങ്ങളുണ്ടാകും. ഇന്നലെ മുതൽ ആഗോള

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സെമിനാറാണ് എല്ലാ എം.എൽ.എ.-മാർക്കും നൽകിയത്. ആഗോളതാപനത്തിന്റെ ഭാഗമായി ഈ വർഷം രാജസ്ഥാനിൽ 54 ഡിഗ്രി ചൂട് അനുഭവപ്പെട്ടു. കേരളത്തിൽ പത്ത് വർഷങ്ങൾക്കുമുമ്പ് 24 മുതൽ 28 ഡിഗ്രി വരെയുണ്ടായിരുന്ന ചൂട് ഇപ്പോൾ 34 ഡിഗ്രിയിലേയ്ക്ക് ഉയർന്നുവെന്ന വാർത്തകളാണ് ഇന്ന് നാം കേൾക്കുന്നത്. സോളാർ രംഗത്ത് നികുതികൾ വർദ്ധിപ്പിക്കാതെ അവരെ ചേർത്തുനിർത്തി അവർക്ക് നല്ലൊരു സപ്പോർട്ടായി നിന്നാൽ നമുക്ക് കേരളത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച മുന്നേറ്റം നടത്തുന്ന ഒരു സംസ്ഥാനമാക്കി മാറ്റാൻ കഴിയും. ആയതിനാൽ നികുതി വർദ്ധിപ്പിക്കരുതെന്നുള്ള വിയോജനം ഒരിക്കൽക്കൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ മൂന്നാം വകുപ്പിലും പട്ടികയിലും വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം, ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് ടൂറിസ്റ്റ് പെർമിറ്റെടുത്ത് സ്ഥിരമായി കേരളത്തിൽ സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസുകളിൽനിന്നും ത്രൈമാസ

നികുതി ഈടാക്കുന്നതിനും പരമാവധി ഒരാഴ്ച കാലത്തേയ്ക്ക് കേരളത്തിൽ ടൂറിസത്തിന്റെ ഭാഗമായി പ്രവേശിക്കുന്ന വാഹനങ്ങളിൽനിന്ന് ത്രൈമാസ നികുതിയുടെ പത്തിൽ ഒരു ഭാഗം ഈടാക്കുന്നതിനും ഏഴ് ദിവസത്തിൽ കൂടുതൽ മുപ്പത് ദിവസം വരെ സംസ്ഥാനത്ത് തങ്ങുന്ന ബസുകളിൽനിന്നും ത്രൈമാസ നികുതിയുടെ മൂന്നിലൊന്ന് ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ടൂറിസത്തിന്റെ ഭാഗമായി ചെറിയ കാലയളവിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ബസുകൾക്ക് ത്രൈമാസ നികുതിയുടെ നിശ്ചിത ശതമാനം നികുതി ഈടാക്കാനുള്ള തീരുമാനം, ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ വിനോദസഞ്ചാരികൾക്ക് കേരളത്തിലേക്ക് വരാനുള്ള സാധ്യത നമ്മൾ സ്വയം ഇല്ലാതാക്കുകയാണ്. ഇത് വിനോദസഞ്ചാര മേഖലയിൽനിന്നും അനുബന്ധ മേഖലയിൽനിന്നുമുള്ള നികുതി വരുമാനത്തെ ദോഷകരമായി ബാധിക്കുമെന്നതാണ് ഞാൻ വിയോജനക്കുറിപ്പിൽ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഒഫീഷ്യൽ അമന്റ്മെന്റിൽ അതുസംബന്ധിച്ച് വ്യക്തത വരുത്തുമെന്ന് വിശ്വസിക്കുകയാണ്.

2017 മുതൽ 2022-23 വരെയുള്ള ആംനസ്റ്റി പദ്ധതിയിലൂടെ ആകെ പിരിച്ചെടുക്കാൻ സാധിച്ചത് 744.66 കോടി രൂപ മാത്രമാണെന്ന് ധനകാര്യ വകുപ്പുമന്ത്രി തന്നെ ഇത് നിയമസഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പുതിയ ആംനസ്റ്റി പദ്ധതിപ്രകാരം അൻപതിനായിരം രൂപവരെയുള്ള നികുതി, സർചാർജ്, പിഴ, പലിശ എന്നിവയ്ക്ക് പൂർണ്ണ ഇളവും അൻപതിനായിരം രൂപ മുതൽ പത്ത് ലക്ഷം വരെയുള്ള തുകയ്ക്ക് അടിസ്ഥാന നികുതിയുടെ 30 ശതമാനം മാത്രവും പത്ത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ അഡ്മിറ്റഡ് നികുതി കുടിശ്ശികയുടെ 50 ശതമാനവും തർക്കമുള്ള കുടിശ്ശികകളുടെ 40 ശതമാനവും ഒരു കോടിരൂപയ്ക്ക് മുകളിൽ അഡ്മിറ്റഡ് ആണെങ്കിൽ 80 ശതമാനവും തർക്കമുള്ള കുടിശ്ശികയുടെ 70 ശതമാനവും അടച്ചാൽ ബാക്കിവരുന്ന നികുതി, സർചാർജ്, പിഴ, പലിശ എന്നിവ പൂർണ്ണമായും എഴുതി തള്ളുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും കാരണം നികുതി നിർണ്ണയത്തിലെ അപാകതയാണ്. അതാണ് 2017 മുതൽ 2022-23 വരെ നമ്മൾ കണ്ടിട്ടുള്ളത്. ആ പരാജയം നമ്മൾ മനസ്സിലാക്കി അതിന്റെ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടായിരിക്കണം ഈ പുതിയ ആംനസ്റ്റി

സ്കീമിനെ സമീപിക്കേണ്ടത്. അതുകൊണ്ടാണ് ഇവിടെ എല്ലാവരും പറഞ്ഞിട്ടുള്ളത്, കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ആംനസ്റ്റി പദ്ധതിക്കുമുമ്പ് ഒരു ഫാസ്റ്റ് ട്രാക്ക് ടീമിനെകൊണ്ട് തർക്കമുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഇപ്രകാരം യാഥാർത്ഥ്യ ബോധത്തോടുള്ള ഒരു സമീപനം സ്വീകരിച്ചാൽ മാത്രമെ ആംനസ്റ്റി സ്കീമുകളിൽ നമ്മൾ പ്രതീക്ഷിച്ച നേട്ടം ഉണ്ടാകുകയുള്ളൂ. നമ്മൾ പണമെല്ലാം സ്വരൂപിക്കുമ്പോഴും ഞങ്ങൾ വിയോജനക്കുറിപ്പിൽ പറഞ്ഞിട്ടുള്ളത്, നികുതിയുടെ കാര്യം പറയുന്ന സമയത്ത് അശാസ്ത്രീയമായി ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചമൂലം സംസ്ഥാനം ധനപ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ നികുതിയിതര വരുമാനം വളരെ കുറവായിരിക്കുമ്പോഴും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാതെ നികുതികളും ഫീസുകളും വർദ്ധിപ്പിച്ച് സാധാരണ ജനങ്ങൾക്ക് അമിതഭാരം നൽകുന്ന സമീപനം ശരിയല്ലായെന്നുള്ളതാണ് ഞങ്ങൾ വിയോജനക്കുറിപ്പിൽ എഴുതിയിട്ടുള്ളത്. സി.&എ.ജി. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, ‘ ...In all the five years, major

portion of the borrowed fund is utilized for repayment of borrowings. Borrowed funds should ideally be used to fund capital creation and development activities. During 2001-02, 80 percent of the borrowed funds was utilised for debt servicing. Net borrowed funds available for developmental activities after servicing of debt was only 20 percent. Use of borrowed funds for meeting current consumption and debt servicing of outstanding loan is not a prudent financial management practice.' അതുകൊണ്ടുതന്നെ നികുതികൾ മുഴുവൻ കളക്ട് ചെയ്തശേഷം ഇതിലെ നമ്മുടെ പഴയ കടങ്ങൾ വീട്ടുന്നതിനുവേണ്ടിയാണ് ഉപോഗിക്കുന്നത്. ഇപ്രകാരം 80 ശതമാനവും സാധാരണ പിരിച്ചുകിട്ടുന്നത് കടം വീട്ടുന്നതിന് ഉപയോഗിക്കുന്നതിനെ ശരിക്കും ക്യാപ്പിറ്റൽ ക്രിയേഷൻസിനും ഡെവലപ്പ്മെന്റൽ ആക്ടിവിറ്റീസിനും വേണ്ടി അത് റൂട്ട് ചെയ്യുണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സോളാർ എനർജിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നമ്മൾ റിന്യൂവബിൽ എനർജിയെക്കുറിച്ച് വാതോരാതെ സംസാരിക്കും. സോളാർ,

കാറ്റാടി, തിര, ചെറിയ വെള്ളച്ചാട്ടങ്ങൾ എന്നിവയിൽനിന്നും വൈദ്യുതി ഉണ്ടാക്കി ഉപയോഗിക്കണമെന്നെല്ലാം പറയുന്നുണ്ട്. അതെല്ലാം കേട്ട് എന്റെ വീട്ടിൽ ഞാൻ സോളാർവച്ചു. സോളാർ വയ്ക്കേണ്ട തുകയുടെ ചെലവിന് പുറമെ 13,000 രൂപയുടെ ഇലക്ട്രിസിറ്റി ബിൽ വേറെയും വന്നിരിക്കുകയാണ്. എനിക്ക് മാത്രമാണ് ഇങ്ങനെ വന്നതെന്നാണ് ഞാൻ വിചാരിച്ചത്. അടുത്തിടെ ഐ.പി.എസ്. ഉദ്യോഗസ്ഥയായ ശ്രീകല കെ.എസ്.ഇ.ബി.-യെ തെറിപറഞ്ഞുകൊണ്ട് അവരുടെ ഒരു പ്രസ്താവനയും വന്നു. അവർ സോളാർ വച്ചതിനുശേഷം സോളാർ ഒരു വഴിക്കും ഇലക്ട്രിസിറ്റി ബിൽ വേറെ വഴിക്കും വരുന്നു. ഇത് എന്താണെന്ന് കെ.എസ്.ഇ.ബി.-യോട് ചോദിക്കുമ്പോൾ, നമ്മൾ സോളാർ വച്ചതിൽ എന്തോ കുഴപ്പം സംഭവിച്ചെന്ന രീതിലാണ് അവർ സംസാരിക്കുന്നത്. ഞങ്ങൾ ഗ്രിഡിലേയ്ക്ക് സോളാർ പവർ കൊടുത്ത് പണം തിരികെ ഇങ്ങോട്ട് ലഭിക്കുമെന്ന് വിചാരിക്കുമ്പേൾ സോളാറിനുവേണ്ടിവച്ച പണവും അതിനുപുറമെ ഇലക്ട്രിസിറ്റിക്കുവേണ്ടി പണം പോകുന്നതും ഒരു പ്രശ്നം തന്നെയാണ്. അതുകൊണ്ട് ഇവിടെ ഡ്യൂട്ടി ഒഴിവാക്കി തന്നുകൊണ്ട്

ഞങ്ങളെപോലെ ഉള്ളവർക്കൊന്നും ഒരു കാര്യവും ഇല്ലാത്ത രീതിയിൽ വരികയാണെന്നുള്ളത് പറയാനുള്ളത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അത് എന്തുകൊണ്ടാണെന്ന് പരിശോധിച്ച് മറുപടി നൽകാം.

ഡോ. എം. കെ. മുനീർ: സർ, എനിക്ക് വന്ന ബില്ലാണിത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബിൽ ഇവിടെ ഏൽപ്പിക്കുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ബിൽ അങ്ങ് അടയ്ക്കുകയാണെങ്കിൽ നൽകുന്നതിൽ കുഴപ്പമില്ല. ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കി നൽകിയാൽ മതി. ഞങ്ങൾക്ക് സോളാർ ഉപയോഗിച്ച് ജീവിക്കാനുള്ള അനുമതി നൽകിയാൽ മതി. സോളാറിനുള്ള പണവും പിന്നെ കെ.എസ്.ഇ.ബി.-ക്കുവേണ്ടിയുള്ള പണവും, ഇത് രണ്ടുകൂടി പറ്റില്ല. എന്റെ കാര്യമല്ല പറയുന്നത്. സാധാരണക്കാരുടെ ഇടയിൽ ഇത് വലിയ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. അങ്ങനെയുള്ള പരാതികൾ ധാരാളം ലഭിച്ചിട്ടുണ്ട്. ഉദാഹരണത്തിന് എന്റെ ഇലക്ട്രിസിറ്റി ബിൽ ഇവിടെ

കൊണ്ടുവന്നവെന്നെയുള്ളൂ. മറ്റു വിഷയങ്ങളിലെല്ലാം കുറച്ചെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സോളാർ വയ്ക്കാത്ത സമയത്ത് എത്ര രൂപയുടെ ഇലക്ട്രിസിറ്റി ബില്ലായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ എത്ര രൂപയാണ് ഇലക്ട്രിസിറ്റിക്കുവേണ്ടി അടയ്ക്കേണ്ടിവരുന്നത്; എത്രയൂണിറ്റ് ഇലക്ട്രിസിറ്റിയാണ് ഉപയോഗിക്കുന്നത്?

<u>ഡോ. എം. കെ. മുനീർ</u>: സർ, ഏകദേശം മുമ്പുണ്ടായിരുന്ന അതേ ബിൽ തന്നെയാണ് ഇപ്പോഴും വരുന്നത്. യൂണിറ്റിന്റെ കാര്യങ്ങളെല്ലാം ഞാൻ അങ്ങേയ്ക്ക് എഴുതിത്തരാം. നിങ്ങളുടെ ബില്ലിൽതന്നെ എല്ലാ കാര്യങ്ങളും എഴുതിയിട്ടുണ്ട്. ജി.എസ്.ടി., മീറ്റർ വാടക, ഓട്ടോ റിക്കവറി, സർചാർജ് എന്നിങ്ങനെ പല ചാർജ്ജുകളും ഈടാക്കിയാണ് ഇതിലേയ്ക്ക് എത്തുന്നത്.

കുടുംബകോടതിയുടെ വിഷയവുമായി ബന്ധപ്പെട്ട് കോർട്ട് ഫീസിൽ പിന്നീടും കുറെ മാനദണ്ഡങ്ങൾവച്ച് 2000 രൂപവരെയാക്കി. ഏറ്റവും പാവപ്പെട്ട സ്ത്രീകളായതുകൊണ്ട് നമ്മൾ പഴയ ഫീസിലേയ്ക്ക് തന്നെ പോകണം. 200 എന്ന മിനിമത്തിൽ നമ്മൾ എത്തിക്കുന്നതായിരിക്കും നല്ലത്. അതുപോലെ

ചെക്കുമായി ബന്ധപ്പെട്ട നെഗോഷിബ്യൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ കാര്യത്തിലും ഏറ്റവും മിനിമത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ട കാര്യങ്ങൾ മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകണം. ഏതായാലും അദ്ദേഹം അമെന്റ്മെന്റ് കൊണ്ടുവരികയാണ്. ആ അമെന്റ്മെന്റ് പൂർണ്ണമായ അമന്റ്മെന്റായി മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുതന്നെയാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ മൂന്നാം വകുപ്പിലും പട്ടികയിലും വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് ടൂറിസ്റ്റ് പെർമിറ്റ് എടുത്തശേഷം കേരളത്തിൽ പ്രവേശിച്ച് സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് വാഹനങ്ങളിൽ പരമാവധി ഒരാഴ്ച കാലത്തേയ്ക്ക് പ്രവേശിക്കുന്ന വാഹനങ്ങളിൽനിന്നും ത്രൈമാസ നികുതിയുടെ പത്തിൽ ഒരുഭാഗം ഈടാക്കുന്നതിനും ഏഴ് ദിവസത്തിൽ കൂടുതൽ മുപ്പത് ദിവസം വരെ സംസ്ഥാനത്ത് തങ്ങുന്ന

വാഹനങ്ങളിൽനിന്നും ത്രൈമാസ നികുതിയുടെ മൂന്നിലൊന്ന് ഈടാക്കുന്നതിനും സ്ഥിരമായി സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽനിന്നും ത്രൈമാസ നികുതി ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഈ രീതിയിൽ വിനോദസഞ്ചാരികളും മറ്റുമായി സംസ്ഥാനത്ത് പ്രവേശിച്ച് സർവ്വീസ് നടത്തുന്ന അന്യസംസ്ഥാന വാഹനങ്ങളുടെ മേൽ ഇത്തരം ഭീമമായ നികുതികൾ അടിച്ചേൽപ്പിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാക്കുന്നത്. ചെറിയ കാലയളവിലേക്ക് സംസ്ഥാനത്ത് പ്രവേശിക്കുന്ന ടൂറിസ്റ്റ് ബസുകൾക്ക് ത്രൈമാസ നികുതിയുടെ നിശ്ചിത ശതമാനം നികുതി അടയ്ക്കണമെന്ന തീരുമാനം സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കാര്യത്തിൽ വിപരീത ഫലം സൃഷ്ടിക്കുന്നതാണ്. ഭീമമായ രീതിയിൽ ഇത്തരം നികുതികൾ അടിച്ചേൽപ്പിക്കുമ്പോൾ വാഹന ഉടമകൾ അത് യാത്രക്കാരിൽനിന്നുമാണ് ഈടാക്കാൻ ശ്രമിക്കുന്നത്. ഇത് യാത്രക്കാരുടെ ചെലവ് വർധിപ്പിക്കുകയും അവർ ടൂറിസത്തിനായി മറ്റ് സംസ്ഥാനങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നതിനുള്ള സാധ്യത കാണുന്നുണ്ട്. കൂടാതെ, ശബരിമല ഉൾപ്പെടെയുള്ള വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേക്കുവരുന്ന

അന്യസംസ്ഥാന ബസ്സുകളും മറ്റ് വാഹനങ്ങളും മുപ്പതുദിവസത്തിൽ കൂടുതൽ പല സ്ഥലങ്ങളിൽ സഞ്ചരിച്ചതിനുശേഷം തിരിച്ചുപോകുന്നതുകാരണം ഇവർക്ക് വലിയ നികുതി അടയ്ക്കേണ്ട ബാധ്യതയാണുണ്ടാകുന്നത്. ഇത് നമ്മുടെ തീർത്ഥാടന മേഖലകൾ വഴിയുള്ള വരുമാനത്തെ ദോഷകരമായി ബാധിക്കും. ഇവയെല്ലാം സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടിയുണ്ടാക്കുമെന്ന് മാത്രമല്ല അതുവഴി ലഭ്യമാകുന്ന നികുതി വരുമാനത്തെയും ബാധിക്കുമെന്നതിൽ സംശയമില്ല. ഇപ്പോൾത്തന്നെ സാമ്പത്തിക ഞെരുക്കത്തിൽപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ കൂടുതൽ സാമ്പത്തിക ഞെരുക്കത്തിലേക്കാണ് കൊണ്ടുപോകുന്നത്. അതോടൊപ്പം ടൂറിസം മേഖലയും അതിന്റെ അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട് ജീവനോപാധി കണ്ടെത്തുന്ന ലക്ഷക്കണക്കിന് സാധാരണക്കാരുടെ ജീവിതത്തെയും ഇത് സാരമായി ബാധിക്കും. ഇതുപോലെ നമ്മുടെ അയൽ സംസ്ഥാനങ്ങളും ഇത്തരത്തിൽ നികുതി വർധിപ്പിച്ചാൽ ലോണെടുത്തും കടം വാങ്ങിയും ചെറിയ ടൂറിസ്റ്റ് വാഹനങ്ങളിൽ ജീവിതമാർഗ്ഗം നടത്തുന്ന നമ്മുടെ നാട്ടിലെ കുറേപ്പേർക്കെങ്കിലും ജീവിതം വഴിമുട്ടുന്ന അവസ്ഥയുണ്ടാകും.

സംസ്ഥാന സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾമൂലം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്താതെയും പിരിച്ചെടുക്കാനുള്ള കുടിശ്ശികത്തുക പിരിച്ചെടുക്കാതെയും നികുതിരാജ് നടപ്പാക്കുകയല്ല വേണ്ടത്. ജീവിതമാർഗങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തെറ്റായ സമീപനമാണ് ഇതുവഴി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഞാൻ ഈ ബില്ലിനോട് വിയോജിക്കുന്നത്. കഴിഞ്ഞദിവസം ഇവിടെ പ്രസംഗിച്ച ഭരണപക്ഷത്തെ ഒന്നുരണ്ട് അംഗങ്ങൾ മലപ്പുറത്തെ ഒരു അധ്യാപകന്റെ മരണത്തെക്കുറിച്ചും സൈമൺ ബ്രിട്ടോയുടെ അപകടത്തെക്കുറിച്ചും വസ്തുതാവിരുദ്ധമായ വ്യാഖ്യാനങ്ങൾ നടത്തുന്നതുകേട്ടു. പാർട്ടി ക്ലാസുകൾ കേട്ടും പാർട്ടി ബുദ്ധിജീവികളെഴുതിയ പുസ്തകങ്ങൾ വായിച്ചും പാർട്ടി ക്യാപ്സ്യൂളുകളിൽനിന്നുമൊക്കെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാകാം ഇത്തരം പ്രസ്താവനകൾ നടത്തുന്നത്. ശരിയായ വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ വ്യക്തമായി

മനസ്സിലാക്കിയിട്ടുവേണം പവിത്രമായ ഈ നിയമസഭയിൽ പ്രസ്താവനകൾ പറയേണ്ടത് എന്നൊരു അഭിപ്രായമുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ ചട്ടം 300 പ്രകാരം അവതരിപ്പിച്ച പ്രസ്താവനയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പരാമർശിച്ചതിന് മറുപടിയായി അല്പം മുമ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, 'അരിമണി കൊറിക്കുവാനുമുണ്ട്, കരിവള കിലുക്കുവാനുമുണ്ട്' എന്നാണ്. ഇതുകേട്ടപ്പോൾ മറ്റുചില വരികളാണ് എന്റെ മനസ്സിൽ വന്നത്. സർക്കാരിന്റെ ചിന്തകൾക്ക് മാറ്റമില്ലാതെ, യാഥാർത്ഥ്യബോധത്തെ ഉൾക്കൊള്ളാൻ കഴിയാതെ, ഇതേ നിലപാടിൽ ഉറച്ചുനിന്നാൽ ഈ അരിമണി കൊറിക്കലും തരിവള കിലുക്കലുമൊക്കെ 'വെറുതേ ഈ മോഹങ്ങൾ എന്നറിയുമ്പോഴും വെറുതേ മോഹിക്കുവാൻ മോഹം, വെറുതേ മോഹിക്കുവാൻ മോഹം' എന്നാണ്. ഇക്കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിലുണ്ടായ ദയനീയമായ പരാജയവും സർക്കാരിന്റെ വികലമായ നയങ്ങളിലെ വീഴ്ചകളും ജനങ്ങളിൽനിന്നും മറച്ചുവയ്ക്കാനാണോ ഇപ്പോൾ വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

രക്ഷാപ്രവർത്തകരെ ഇറക്കിവിട്ടിരിക്കുന്നത്. ജനങ്ങൾക്ക് ഇതെല്ലാം മനസ്സിലാകും. പ്രതിസന്ധിഘട്ടത്തിൽപ്പോലും കണ്ണുതുറന്ന് പ്രവർത്തിക്കാതെ എന്തിനുമേതിനും ന്യായീകരണവും നിലപാടും മുന്നോട്ടുവയ്ക്കുന്ന ഈ സർക്കാർ, ജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്ത, ജനങ്ങളെ ദുരിതത്തിലേക്ക് ആഴ്ത്തുന്ന നയങ്ങൾകൊണ്ട് കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിൽ വരുത്തിയ ഭേദഗതികളിലും ഈ ധനകാര്യ ബില്ലിലുമുള്ള എന്റെ ശക്തമായ വിയോജിപ്പ് ഒരിക്കൽകൂടി രേഖപ്പെടുത്തുകയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഭരണഘടനയിലെ ആർട്ടിക്കിൾ 270-ൽ നികുതി വിന്യാസം സംബന്ധിച്ച വ്യവസ്ഥയെക്കുറിച്ചാണ് പറയുന്നത്. സംസ്ഥാനം പിരിക്കുന്ന വരുമാനവും കേന്ദ്ര സർക്കാർ പിരിച്ച് സംസ്ഥാനത്തിന് നൽകുന്ന നികുതിയും ഗ്രാന്റും ചേർന്നതാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനമെന്നാണ് അതിൽ

പറയുന്നത്. അതായത് കേന്ദ്ര സർക്കാർ പിരിക്കുന്നതും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കായി വിഭജിക്കുന്നതുമാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എന്നുള്ളതാണ്. അതായത് ആർട്ടിക്കിൾ 270 അനുസരിച്ച് കേന്ദ്ര സർക്കാരിൽനിന്നും നമുക്ക് ലഭിക്കേണ്ടത് ഔദാര്യമല്ല, അവകാശമാണ് എന്നുതന്നെയാണ്. എന്നാൽ ദൗർഭാഗ്യവശാൽ ചില ബി.ജെ.പി.-ക്കാരും കേരളത്തിലെ ചില കോൺഗ്രസ് നേതാക്കളും വിശ്വസിക്കുന്നത് അത് എന്തോ ഔദാര്യത്തിന്റെ ഭാഗമായി നമുക്ക് ലഭിക്കുന്നുവെന്നുള്ള നിലയിലാണ്. 57000 കോടി രൂപയുടെ കുറവാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്ക് വന്നിരിക്കുന്നത്. ഈ കുറവിനെ മറികടക്കാൻവേണ്ടിയുള്ള ശ്രമകരമായ ഇടപെടലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. 2018-ലും 2019-ലുമുണ്ടായിട്ടുള്ള പ്രളയം, പിന്നീടുവന്ന കോവിഡ് മഹാമാരി, അതിനെത്തുടർന്നുണ്ടായ പ്രതിസന്ധികൾ എന്നിവയെക്കുറിച്ചെല്ലാം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇതിനെയെല്ലാം തരണം ചെയ്യുന്നതിനും നമ്മുടെ തനതുവരുമാനം വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള ശ്രമകരമായ പ്രവർത്തനം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നടത്തിയിട്ടുള്ള പ്രസ്താവനയിൽ വളരെ കൃത്യമായി കാര്യങ്ങൾ അവതരിപ്പിച്ചു. പതിനാലാം ധനകാര്യ കമ്മീഷൻ അനുവദിച്ച 2.505 ശതമാനം നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.92 ശതമാനമായി കുറഞ്ഞു. 2020-21-ൽ 31068 കോടി രൂപയായിരുന്ന കേന്ദ്ര സർക്കാർ ഗ്രാന്റുകൾ 2023-24-ൽ 12068 കോടി രൂപയായി കുറഞ്ഞു. മൂന്നുവർഷക്കാലയളവിൽ 19000 കോടി രൂപയുടെ കുറവാണ് കേന്ദ്ര ഗ്രാന്റ് ഇനത്തിൽമാത്രം നമുക്കുണ്ടായത്. നമ്മുടെ തനത് വരുമാനത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തുമ്പോഴും നമുക്ക് അവകാശപ്പെട്ടത് തരാതിരിക്കുമ്പോഴും സംസ്ഥാന ഗവൺമെന്റ് മൂന്നുവർഷംകൊണ്ട് 56 ശതമാനം വർധിപ്പിച്ചാണ് നിലനിൽക്കുന്നതെന്ന് കാണാതെ പോകരുത്. ഇവിടെ നമ്മൾ കാണേണ്ടത് കേന്ദ്ര സർക്കാരിന്റെ ഏറ്റവും തെറ്റായ നയത്തെക്കുറിച്ചാണ്. ഇത് നമ്മൾ നേരിടുന്ന പ്രധാനപ്പെട്ടൊരു വെല്ലുവിളിയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രം പിരിച്ചെടുക്കുന്ന നികുതി വരുമാനത്തിന്റെ ഒരു വിഹിതം നൽകുന്നുണ്ട്. നമ്മുടെ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അവർക്ക് 43 ശതമാനമാണ് നൽകുന്നത്. എന്നാൽ നമ്മുടെ

കേരളത്തിന് അത് വെറും 27 ശതമാനമാണ്. എന്നുപറഞ്ഞാൽ സംസ്ഥാനത്തുവരുന്ന മൊത്തം ചെലവിന്റെ 73 ശതമാനം ചെലവുകൾക്കാവശ്യമായ മുഴുവൻ പണവും കേരളം തന്റെ തനത് വരുമാനത്തിലൂടെ കണ്ടെത്തേണ്ടുന്ന സ്ഥിതിയാണുള്ളത്. നമുക്ക് അവകാശപ്പെട്ട വിഹിതം നിഷേധിക്കുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നു. നമ്മൾ പിടിച്ചുനിൽക്കുന്നതിനുവേണ്ടി നമ്മുടെ തനത് വരുമാനത്തിൽ ശ്രമകരമായിട്ടുള്ള ഇടപെടൽ നടത്തി അതിൽ മാറ്റം വരുത്തുകയും ചെയ്യുന്നു. നിരവധി നിർദ്ദേശങ്ങൾ പ്രതിപക്ഷാംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നേരത്തേയും സൂചിപ്പിച്ചതുപോലെ കേന്ദ്രം തെറ്റായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുമ്പോൾ നമ്മുടെ തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി പിടിച്ചുനിൽക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. അത് നികുതി വരുമാനമായാലും നികുതിയേതര വരുമാനമായാലും തനത് വരുമാനം വർധിപ്പിക്കാനാവശ്യമായ നല്ല ഇടപെടൽ നടത്തേണ്ടതുണ്ട്. അതിനെക്കുറിച്ച് നേരത്തേ ഞാൻ സൂചിപ്പിച്ചു. ധനകാര്യ വകുപ്പുമന്ത്രി അതിൽ നടത്തിയ ശ്രമകരവും ശ്രദ്ധേയവുമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് 2021-

ൽനിന്നും 2024-ലേയ്ക്ക് എത്തുമ്പോൾ മൂന്നുവർഷംകൊണ്ട് നമ്മുടെ റവന്യൂ വരുമാനത്തിൽ 53 ശതമാനത്തിന്റെ വർധനവുണ്ടാകുന്നത്. എന്നാൽ ഈ ഗവൺമെന്റിന്റെ നിലവിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശകലനം ചെയ്യുമ്പോൾ പൂർവ്വ കാലഘട്ടത്തിലെന്തായിരുന്നു സ്ഥിതി എന്നുള്ളത് നമ്മൾ ആലോചിക്കേണ്ടതുണ്ട്. 2011-2016-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്തുള്ള ചില കാര്യങ്ങളെ സംബന്ധിച്ച് മാധ്യമങ്ങളിൽവന്ന വാർത്തകൾ ഞാൻ സൂചിപ്പിക്കാം. നികുതി വരുമാനം കുത്തനെ ഇടിയുന്നു; 2014-15 വർഷത്തിൽ ബജറ്റ് അടങ്കലിൽ 7235 കോടി രൂപയുടെ കുറവുണ്ടായെന്ന് C&AG ചൂണ്ടിക്കാട്ടുന്നു; 42467 കോടി രൂപയുടെ നികുതി വരുമാനമാണ് ബജറ്റിൽ അവതരിപ്പിച്ചത്, പിരിച്ചെടുത്തതാകട്ടെ 35232 കോടി രൂപയും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നികുതി വേണ്ടരൂപത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഇതിൽനിന്നും വ്യക്തമാണ്. ഇവിടെ സംസ്ഥാനത്തിന്റെ കടബാധ്യതയെ സംബന്ധിച്ചും അതിന്റെ തിരിച്ചടവിനെ സംബന്ധിച്ചുമൊക്കെ സൂചിപ്പിക്കുന്നത് കേട്ടു. സംസ്ഥാന സർക്കാർ കടമെടുത്ത് പ്രവർത്തനങ്ങൾ നടത്തുന്നത് എന്തിനുവേണ്ടിയാണ്? എല്ലാ ഗവൺമെന്റുകളും

കടമെടുത്തിട്ടുണ്ട്. നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും നേരത്തേയുള്ളതുപോലെ വെട്ടിക്കുറവുണ്ടാകുമ്പോൾ സംസ്ഥാനത്തിന് മുന്നോട്ട് പോകുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കേണ്ടിവരും. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതമായ ആഭ്യന്തര മൊത്തം ഉല്പാദനത്തിന്റെ (GDP) മൂന്ന് ശതമാനമാണ് നമ്മൾ കടമായി എടുക്കുന്നത്. ആ കടമായി ലഭിക്കേണ്ടതിൽപ്പോലും വെട്ടിക്കുറച്ച് 2.5 ശതമാനമേ നൽകാൻ സാധിക്കുകയുള്ളൂവെന്നാണ് കേന്ദ്രം പറയുന്നത്. അപ്പോൾ കടമെടുപ്പ് പരിധിയിൽ കുറവുണ്ടാകുകയാണ്. എന്നാൽ കേന്ദ്ര സർക്കാർ കടമെടുക്കുന്നത് 5.5 ശതമാനമാണ്. 2011-ൽ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ ആകെ കടം 70000 കോടി രൂപയായിരുന്നു. ആ സർക്കാർ അധികാരം ഒഴിയുമ്പോൾ ആ കടം 159000 കോടി രൂപയായി മാറി. സ്വാഭാവിക പ്രക്രിയയാണ്; ആ പ്രക്രിയ എങ്ങനെവരുന്നുവെന്ന് ചോദിച്ചാൽ, നാട്ടിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായാണ്. സംസ്ഥാനത്തിന്റെ കടത്തെക്കുറിച്ച് വളരെ വാചാലരാകുന്ന ഘട്ടത്തിൽ നമ്മൾ

മനസ്സിലാക്കേണ്ടത്, കേരളത്തിൽ ഇന്നുവരെ കാണാത്ത നിലയിലുള്ള വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. നേരത്തെ ധനകാര്യ ബില്ലിന്റെ ഭാഗമായി ബഹുമാന്യനായ എൻ. ഷംസുദ്ദീൻ എം.എൽ.എ.-യും പ്രിയങ്കരനായ പി. ഉബൈദുള്ള എം.എൽ.എ.-യും കിഫ്ബിയെക്കുറിച്ച് സൂചിപ്പിച്ചു. കിഫ്ബിയെക്കുറിച്ച് ഇവർ പറഞ്ഞത് എന്താണ്? കിഫ്ബി എന്ന് പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ കടത്തിലേക്ക് കൊണ്ടുപോകുന്നതാണെന്നും കിഫ്ബിയുടെ ഫണ്ട് വലിയ പ്രതിസന്ധിയുണ്ടാക്കുന്നതാണെന്നുമാണ് പറയുന്നത്. ഇപ്പോൾ അതിൽനിന്ന് എന്തെങ്കിലും പദ്ധതി ലഭിക്കുമോയെന്ന് ചോദിച്ച് വാങ്ങുന്ന നിലയിലേക്ക് മാറിയിരിക്കുകയാണ്. കിഫ്ബി പദ്ധതിയിലൂടെ ലക്ഷക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയല്ലെന്ന് പറയാൻ സാധിക്കുമോ? 140 നിയോജകമണ്ഡലങ്ങളിലും നടക്കുന്ന വികസന പ്രവർത്തനങ്ങൾ എണ്ണിപ്പറയാൻ സാധിക്കും. വികസനം നടക്കുന്നുണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കിഫ്ബി പദ്ധതിയിലൂടെ കേരളത്തിന്റെ മുഖം മാറ്റുന്ന നിലയിലുള്ള നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലഘട്ടത്തിൽ എത്ര വൻകിട പദ്ധതികളാണ് നടപ്പാക്കാൻ സാധിച്ചത്? ദേശീയ പാത വികസനം. അതിന്റെ മറ്റ് ഘടകങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ദേശീയ പാത വികസനത്തെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ സൂചിപ്പിച്ചത് കേട്ടിരുന്നു. പ്രസ്തുത പദ്ധതിക്ക് തടസ്സമുണ്ടായത് എങ്ങനെയാണ്? 45 മീറ്റർ വീതിയിൽ ദേശീയ പാത വികസനം വേണമെന്ന കാര്യം സംസ്ഥാനം മുഴുവനും അംഗീകരിച്ചു. അന്ന് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയായിരുന്ന ഇന്നത്തെ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 45 മീറ്റർ വീതിയിൽ ദേശീയ പാത വികസനം നടത്തുന്നതിന് ഞങ്ങൾ അനുകൂലമാണെന്നാണ്. ഞങ്ങൾ എതിർത്തത് ഒരേയൊരു കാര്യത്തിനാണ്; ആവശ്യമായ നഷ്ടപരിഹാരത്തുക നൽകുന്നതിൽ അന്നത്തെ യു.ഡി.എഫ്. സർക്കാരിന് പിഴവ് സംഭവിച്ചതിൽ മാത്രമാണ്. പദ്ധതിയെ ഞങ്ങൾ എതിർത്തില്ല. അതിന്റെ ഭാഗമായാണ് ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ മറ്റ് എവിടെയുമില്ലാത്ത നിലയിൽ 5500 കോടി രൂപ കേന്ദ്ര സർക്കാരിന് അങ്ങോട്ട് നൽകി ഭൂമി ഏറ്റെടുത്ത് ദേശീയ പാത വികസന പ്രവർത്തനം വളരെ

മനോഹരമായി മറ്റ് ഏത് സംസ്ഥാനത്തേക്കാളും വേഗത്തിൽ നടക്കുന്ന വിധത്തിലേക്ക് മാറ്റിയത്. മുടങ്ങിപ്പോയ ഒരു പദ്ധതിയായിരുന്നു ഗെയിൽ പൈപ്പ് ലൈൻ. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ആ പദ്ധതി ഏറ്റെടുത്ത് കമ്മീഷൻ ചെയ്ത് പൂർത്തീകരിച്ചത്. ഗെയിൽ പദ്ധതിക്കെതിരെ ഞങ്ങൾ സമരം നടത്തിയിട്ടുണ്ട്; എന്തിനുവേണ്ടിയായിരുന്നു? ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ അന്നത്തെ യു.ഡി.എഫ് സർക്കാർ പരാജയപ്പെട്ടപ്പോഴാണ്. നഷ്ടപരിഹാരത്തുക നൽകാനുള്ള അവകാശം ആർക്കാണ്? ആ അവകാശം സംസ്ഥാന സർക്കാരിനായതുകൊണ്ട് ജനങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരത്തുക ഉയർത്തി നിശ്ചയിക്കാൻ കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി തീരുമാനമെടുത്തപ്പോഴാണ് ആ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിച്ചത്. ഇടമൺ-കൊച്ചി പവർ ഹൈവെയെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചതാണ്. ആ പദ്ധതിയും ഇതേ അവസ്ഥയിൽത്തന്നെയാണ്.

കണ്ണൂർ വിമാനത്താവളം പൂർത്തീകരിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. നേരത്തെ റബ്ബർ തോട്ടങ്ങളിൽ മരുന്ന് സ്പ്രേ ചെയ്യാൻ

പോകുന്ന ഫ്ലൈറ്റ് അവിടെയിറക്കിയിട്ട് ഇതാണ് കണ്ണൂർ വിമാനത്താവളമെന്ന് പറഞ്ഞ നിലയിൽനിന്ന് ആഭ്യന്തര യാത്രക്കാരും ഇന്റർനാഷണൽ ഫ്ലൈറ്റുകളും വരുന്ന രൂപത്തിലേയ്ക്ക് കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനം പൂർത്തീകരിക്കുന്നത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനം രാജ്യത്തിന് അഭിമാനകരമായ നേട്ടമായി മാറിയത് ഇപ്പോഴാണ്. വിഴിഞ്ഞം പദ്ധതിക്കെതിരെ സമരം നടത്തിയില്ലേയെന്ന് ഇവിടെ ചോദിച്ചു; വിഴിഞ്ഞം പദ്ധതിക്കെതിരായ ഒരു സമരവും ഞങ്ങൾ നടത്തിയില്ല. കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയുടെ നീളം കുറച്ച ഘട്ടത്തിലാണ് സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ സമരം നടത്തിയത്. മാധ്യമങ്ങൾ അതിനെ കണ്ണൂർ വിമാനത്താവളത്തിനെതിരായ സമരമാക്കുകയാണ് ചെയ്തത്. ഇവിടെ വിഴിഞ്ഞം പദ്ധതിക്കെതിരെയല്ല; അതിന്റെ പിന്നിൽ നടക്കുന്ന അഴിമതിക്കെതിരെയാണ് ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ ഊർജ്ജസ്വലമായ സമരം നടത്തിയത്. ആ പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. 9000 കണ്ടെയ്നറുകളെ ഉൾക്കൊള്ളാൻ സാധിക്കുന്ന മദർഷിപ്പ് ചൈനയിൽനിന്ന് വരികയാണ്. ഇങ്ങനെ നിരവധി വികസന

പ്രവർത്തനങ്ങൾ നടത്തി മുന്നോട്ട് പോകുന്ന സർക്കാരെന്ന നിലയിൽ, ധാരാളം പ്രതിസന്ധികളെയാണ് സംസ്ഥാന സർക്കാർ തരണം ചെയ്യുന്നത്. കേരളത്തിന്റെ വരുമാനം പരമാവധി വർധിപ്പിക്കാനും സർക്കാരിന് സാധിക്കുന്നുണ്ട്. ഏറ്റവും അവസാനം സംസാരിച്ച അംഗങ്ങളെല്ലാം നിരവധി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടുകളെ സംബന്ധിച്ച് ചോദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അവകാശപ്പെട്ട ഫണ്ടുകൾ നൽകുന്നില്ല. അതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കേണ്ടിയുംവന്നു. അതിനുവേണ്ടി സമരം നടത്തുന്നതിന് യു.ഡി.എഫ്. അംഗങ്ങളെ ക്ഷണിച്ചെങ്കിലും അവർ വന്നില്ല. ആ സമരത്തോട് അവർ നിസ്സഹകരണമാണ് കാണിച്ചത്. 13500 കോടി രൂപ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് വാദിച്ച് വാങ്ങിയെടുക്കേണ്ടതായിവന്നു. ആ രീതിയിൽ സംസ്ഥാനം മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം പറയുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തണ്ടേ? എങ്ങനെ സംസ്ഥാനത്തിന് വിഭവസമാഹരണം നടത്താൻ സാധിക്കും. നമ്മുടേതായ നിലയിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും പരമാവധി

കണ്ടെത്തി നമ്മുടെ വിഭവം പരമാവധി ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകണം. അതോടൊപ്പം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അർഹതപ്പെട്ടത് നിഷേധിക്കുന്നതിനെതിരെ ശക്തമായ പോരാട്ടവും വേണം. ആ പോരാട്ടത്തിൽ പ്രതിപക്ഷം ചേരുന്നുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... ശ്രീ. ലിന്റോ ജോസഫ്, അങ്ങ് പ്രസംഗം ചുരുക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഇവിടെ രാഷ്ട്രീയമായിവന്ന ഒന്നുരണ്ടുകാര്യങ്ങൾക്കുകൂടി മറുപടി പറയാതെ പോകാൻ കഴിയില്ല. ഈ സർക്കാരിനെ പ്രതിക്കൂട്ടിലാക്കി മുന്നോട്ടുപോകാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവരെ സംബന്ധിച്ചിടത്തോളം ഈ സർക്കാരിനെ സംരക്ഷിക്കേണ്ട ബാധ്യത ഈ നാട്ടിലെ ജനങ്ങൾക്കും ഭരണപക്ഷത്തെ അംഗങ്ങൾക്കുമുണ്ട്. ഇവിടെ ധൂർത്തിനെക്കുറിച്ച് പറയുകയുണ്ടായി; എന്ത് ധൂർത്താണ് സർക്കാർ നടത്തിയത്? നവകേരള സദസ്സിന്റെ ഭാഗമായി കേരളത്തിലെ 140 നിയമസഭാ നിയോജകമണ്ഡലങ്ങളിലും മന്ത്രിസഭയിലെ മുഴുവൻ അംഗങ്ങളും

സഞ്ചരിച്ചിരുന്നു. ആ യാത്രയ്ക്ക് ആവശ്യമായ പണം പിരിച്ചുനൽകിയത് അതത് സ്ഥലങ്ങളിലെ സംഘാടക സമിതിയാണ്. എന്നാൽ 20 കോടി രൂപയാണ് ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി അന്നത്തെ സർക്കാർ ചെലവഴിച്ചത്. പ്രതിപക്ഷം എന്ത് നടത്തിയാലും അതിനൊരു മാധ്യമ പരിരക്ഷയുണ്ട്. ആ മാധ്യമ പരിരക്ഷയെ ഉപയോഗപ്പെടുത്തി കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ ഇകഴ്ത്തുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താമസിക്കുന്ന ക്ലിഫ് ഹൗസ് ശ്രീ. പിണറായി വിജയന്റെതാണോ? അത് കേരളത്തിലെ മുഖ്യമന്ത്രിയുടേതാണ്. കന്റോൺമെന്റ് ഹൗസ് ശ്രീ. വി. ഡി. സതീശന്റെയാണോ? അത് പ്രതിപക്ഷ നേതാവിന്റേതാണ്. ക്ലിഫ് ഹൗസിൽ നടത്തുന്ന അറ്റകുറ്റപ്പണികൾ അത് മുഖ്യമന്ത്രിയുടെ അറ്റകുറ്റപ്പണിയാണെന്ന് പറഞ്ഞ് വലിയ വാർത്ത നൽകിയാൽ എന്താണ് പറയുക? സെക്രട്ടേറിയറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും ഓഫീസാണ്. ആ സെക്രട്ടറിയേറ്റ് പെയിന്റ് ചെയ്യണമെങ്കിൽ കോടിക്കണക്കിന് രൂപ ആവശ്യമാണ്. അങ്ങനെയായാൽ നാളത്തെ പത്രങ്ങൾ എഴുതുന്നത് ഇപ്രകാരമായിരിക്കും; 'ഇതാ മന്ത്രിമാരുടെ ഓഫീസ് പെയിന്റ്

ചെയ്യുന്നു. കോടിക്കണക്കിന് രൂപയാണ് അതിന് ചെലവഴിക്കുന്നത് എന്നായിരിക്കും. ഇങ്ങനെ വാർത്ത നൽകുമ്പോൾ അത് ഏതുതരത്തിലാണ് അംഗീകരിക്കാൻ സാധിക്കുന്നത്. പ്രതിപക്ഷനേതാവിന് കാർ വാങ്ങിയത് ആവശ്യമാണെന്നാണ് ഞങ്ങൾ പറയുന്നത്. ഭരണപരമായ കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ തുകയും ചെലവഴിക്കേണ്ടതായിവരും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ... പ്ലീസ് .... കൺക്ലൂഡ്. അങ്ങ് 13 മിനിട്ട് എടുത്തിരിക്കുകയാണ്. പ്രസംഗം അവസാനിപ്പിക്കൂ.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. രാഷ്ട്രീയ ആരോപണം നടത്തിയതുകൊണ്ടാണ് ഇത്രയും പറഞ്ഞത്. ഇപ്പോൾ അപരാഹ്ന സമ്മേളം നടക്കുന്നതുകൊണ്ട് വൈകുന്നേരം 5 മണി കഴിഞ്ഞാൽ നിയമസഭാംഗങ്ങൾക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെവക ചായയുണ്ട്. ചിലപ്പോൾ നാളെ മാധ്യമങ്ങൾ അതിനെ വാർത്തയാക്കും; 'സ്പീക്കർ ചായ കുടിച്ചു, ലക്ഷക്കണക്കിന് ബിൽ ആയി' എന്നുപറഞ്ഞാൽ അത് ഈ പ്രതിപക്ഷം ഉയർത്തിപ്പിടിക്കുമോ? ഭരണപരമായ കാര്യങ്ങൾക്ക് ഗവർണ്ണർക്ക് നൽകുന്നത് പന്ത്രണ്ടര കോടി രൂപയാണ്. അത് ഇപ്പോൾ 15 കോടി രൂപയായി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.... അങ്ങ് പ്രസംഗം അവസാനിപ്പിച്ചില്ലെങ്കിൽ അടുത്ത ആളിനെ വിളിക്കും.

ശ്രീ. ലിന്റോ ജോസഫ്: സർ, മുൻ ചീഫ് ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ് പി. സദാശിവം സംസ്ഥാന ഗവർണ്ണറായിരുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ അഞ്ച് വർഷത്തെ ആകെ ചെലവ് 30 കോടി രൂപയായിരുന്നു. ഇപ്പോഴത്തെ ഗവർണ്ണറുടെ ചെലവ് 15 കോടി രൂപയാണ്. മാധ്യമ പരിലാളനകൾകൊണ്ട് ഇവർ നേടിയെടുക്കുന്ന വാർത്തകൾ സർക്കാരിനെ ഇകഴ്ത്താൻ ഉപയോഗപ്പെടുത്തുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.... അങ്ങ് ചെയറുമായി സഹകരിക്കണം.

ശ്രീ. ലിന്റോ ജോസഫ്: സർ, ജെയിംസ് അഗസ്റ്റിൻ മാസ്റ്ററിനെ ചവിട്ടിക്കൊന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഉമ തോമസ് എം.എൽ.എ. ഇവിടെ സൂചിപ്പിച്ചല്ലോ; വാലില്ലാപുഴയിലെ അധ്യാപകനെ ഈ പറയുന്ന മുസ്ലീം ലീഗിന്റെ പ്രവർത്തകരാണ് ചവിട്ടിക്കൊന്നത്. അത് പറയേണ്ടതല്ലേ? (....മൈക്ക് ഓഫ്......)

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള ധനകാര്യബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ചെലവ് ചുരുക്കുകയെന്നാൽ പാവപ്പെട്ടവർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുക എന്നതാണ് സർക്കാരിന്റെ നയം. 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോയെന്നാണ് ഈ സമയത്ത് പ്രധാനമായും പരിശോധിക്കേണ്ടത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എങ്ങനെ ചെലവുചുരുക്കാമെന്നും വരുമാനം വർധിപ്പിക്കാമെന്നും അവലോകനം ചെയ്ത് പഠന റിപ്പോർട്ട് തയ്യാറാക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. 05-05-2024-നും 14-05-2024-നും രണ്ട് വിദഗ്ധ സമിതികൾ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പതിവുപോലെ ചില

തസ്തികകൾ വെട്ടിക്കുറച്ചു. അതേസമയം ആഡംബരത്തിൽ കുറവ് വരുത്തുകയോ ചെലവുചുരുക്കുകയോ ചെയ്തിട്ടില്ല. ഇനി ചെലവ് ചുരുക്കാനുള്ള പരിപാടിയുമില്ല. ഉദാഹരണം പറയുകയാണെങ്കിൽ, കോടികൾ ചെലവഴിച്ച് 'കേരളീയം' നടത്തുകയാണ്. അടുത്ത വർഷം ഇതിലും ഗംഭീരമായി നടത്തും. ഇതിന്റെ പേരിൽ വലിയ ധൂർത്താണുണ്ടാകുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കഴിഞ്ഞ വർഷം നടത്തിയ സ്കൂൾ കായികമേളയോടനുബന്ധിച്ച് കരാറുകാർക്ക് നൽകേണ്ട തുക നാളിതുവരെയും സംസ്ഥാന സർക്കാർ നൽകിയിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കഴിഞ്ഞ വർഷവും ഈ വർഷവും സ്കൂൾ മേളകൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് സർക്കാർ കരാറുകാർക്ക് വലിയ തുക നൽകാനുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. നിലവിൽ പഞ്ചായത്ത് അധികൃതരോട് അവിടത്തെ പ്രവൃത്തികളോടനുബന്ധിച്ചുള്ള ബില്ലുകൾ നൽകാൻ ആവശ്യപ്പെടുകയുണ്ടായി. 2021-ലാണ് അവർക്ക് ആനുകൂല്യങ്ങളുടെ അവസാനഗഡു നൽകിയിരുന്നത്. 2021 മുതൽ നൽകിയ ബില്ലുകളെല്ലാം

നിലവിൽ ക്യൂ-വിലാണ്. നാളിതുവരെയും ഒന്നും പാസ്സാക്കിയിട്ടില്ല. നിലവിൽ 25 ലക്ഷം രൂപവരെ ക്യൂ-വിലുള്ള ബില്ലുകൾ പാസ്സാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ 2020 മുതൽ 2021 മാർച്ച് വരെയുള്ള ബില്ലുകൾ പെന്റിംഗാണ്; അത് കൊടുക്കുന്നില്ല. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവ മുഖേന പൂർത്തീകരിച്ച വർക്കുകളുടേയും തുക നൽകിയിട്ടില്ല. ഏകദേശം ഒരു വർഷത്തോളമുള്ള ബില്ലുകൾ കെട്ടിക്കിടക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരമുള്ള പ്രസ്താവന നടത്തിയത്. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതുപോലെ, ഒക്കെ കൊടുക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പക്ഷെ അത് എന്നുകൊടുക്കുമെന്ന് ഒരിക്കലും പറയാത്ത ഒരു സാഹചര്യത്തിലൂടെയാണ് മുന്നോട്ടുപോകുന്നത്.

ഹയർ സെക്കൻഡറിയിൽ വിവിധ വിഷയങ്ങളിലെ അധ്യാപക തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റാങ്ക്

ഹോൾഡേഴ്സിനെ നിയമനത്തിൽനിന്നും എങ്ങനെ മാറ്റിനിർത്താമെന്നാണ് സർക്കാർ ആലോചിക്കുന്നത്. ഹയർ സെക്കൻഡറിയിൽ ഫിക്സേഷൻ സംവിധാനമുണ്ടായിരുന്നില്ല. ഒരു ബാച്ചെടുത്താൽ അതിൽ എത്ര പോസ്റ്റുകളുണ്ടാകുമെന്ന് എല്ലാവർക്കും സുപരിചിതമായ കാര്യമാണ്. ഹൈസ്കൂൾ തലത്തിലും അതിനുതാഴെയുള്ള തലങ്ങളിലും കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണ് പോസ്റ്റ് ഫിക്സ് ചെയ്യുന്നത്. ഹയർ സെക്കൻഡറിയിൽ ഈ രീതിയല്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷമാണ് ഫിക്സേഷൻ നടപടിയുണ്ടാക്കിയത്; അത് കുഴപ്പമില്ല. പക്ഷെ ഇപ്പോൾ 37 ബാച്ചുകൾ തെക്കൻ മേഖലയിൽനിന്ന് മലബാറിലേക്ക് മാറ്റുകയുണ്ടായി. തുടർന്ന് മാറ്റപ്പെട്ട സ്ഥലത്ത് താൽക്കാലിക അധ്യാപകരെ നിയമിച്ചു. റിട്ടയർമെന്റ് ഒഴിവുകളിലേക്കാണ് ഇവിടെ അധ്യാപകരെ നിയമിക്കുന്നത്. ഹയർ സെക്കൻഡറി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ അവസരമാണ് ഇവിടെ നഷ്ടപ്പെടുത്തുന്നത്. അവരുടെ നിയമനങ്ങളെ തടസ്സപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ആ രീതിയിലും എങ്ങനെ കാശ് ലാഭിക്കാൻ കഴിയുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. റാങ്ക് ലിസ്റ്റിലുള്ളവരെ സഹായിക്കാൻ

ശ്രീ. രഞ്ജിത്ത് എന്ന വ്യക്തിയെപ്പോലെയുള്ള ഡിവൈ.എഫ്.ഐ.-യുടെ ആൾക്കാരൊന്നുമില്ല. വർഷങ്ങളോളം കഷ്ടപ്പെട്ട് അധ്വാനിച്ച് പഠിച്ചാണ് അവരെല്ലാം ഒരു പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നത്. പ്രസ്തുത ലിസ്റ്റിന്റെ കാലാവധിയും അവസാനിക്കാറായി. ഈ സാഹചര്യത്തിൽ റിട്ടയർമെന്റ് ഒഴിവുകൾപ്പോലും അവർക്ക് നൽകുന്നില്ലെന്നത് വലിയ ബുദ്ധിമുട്ടായി ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. ലിന്റോ ജോസഫ് എം.എൽ.എ. ഉൾപ്പെടെയുള്ള അംഗങ്ങൾ കിഫ്ബിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾ കിഫ്ബിയെ എതിർത്തിട്ടുണ്ട്. കിഫ്ബി എന്നതിന്റെ സമീപനത്തേയും നയത്തേയുമാണ് എതിർത്തത്. കേരളം കടക്കെണിയിലാണെന്നതിന് യാതൊരു സംശയവുമില്ല. കിഫ്ബിയുടെ കടംകൂടി കേരളത്തിന്റെ പൊതുകടത്തിലേക്ക് കൂട്ടണമെന്ന് പറഞ്ഞതിനെ നിങ്ങളും എതിർക്കുന്നുണ്ട്. എല്ലാകടവും കടംതന്നെയാണ്. കിഫ്ബിയെ എതിർത്തിട്ട് ഞങ്ങൾ എന്തിനാണ് കിഫ്ബി പ്രവർത്തനങ്ങൾ ഏറ്റെടുത്തതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. ഒരു പിതാവിന്റെ പുരയിടവും വീടും വിൽക്കുന്ന സന്ദർഭത്തിൽ ഓഹരി എല്ലാ മക്കൾക്കും ഒരുപോലെ

കിട്ടേണ്ടതല്ലേ; ഭരണപക്ഷത്തുള്ള മക്കൾക്കുമാത്രം കിട്ടിയാൽ മതിയോ? ഞങ്ങളുടെ നാട്ടുകാരും നികുതി നൽകുന്നുണ്ട്. ആ നികുതിപ്പണത്തിൽ നിന്നുകൂടിയാണ് പണം തിരിച്ചടയ്ക്കാൻ പോകുന്നത്. അത് നിങ്ങളുടെ ഔദാര്യമാണെന്നൊന്നും പറയേണ്ടതില്ല. ഒരുപക്ഷെ അടുത്ത തവണ അധികാരത്തിൽ വരുന്ന യു.ഡി.എഫ്. ഗവൺമെന്റാകും നിങ്ങളെടുത്ത കടം തിരിച്ചടയ്ക്കേണ്ടതെന്ന ഓർമ്മ നിങ്ങൾക്കുണ്ടാകണം. ഞാൻ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ച അവസരത്തിൽ, കൊണ്ടോട്ടി താലൂക്ക് ആശുപത്രിക്കുവേണ്ടി 33 കോടി രൂപ കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഇക്കാര്യം കഴിഞ്ഞ ഏഴ് വർഷമായി ഞാൻ കേൾക്കുന്നു. പക്ഷെ ഇന്നേവരെ ആ വർക്ക് തുടങ്ങിയിട്ടില്ല. ഇതാണ് കിഫ്ബിയുടെ ഇന്നത്തെ അവസ്ഥ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കിഫ്ബിയിൽനിന്നും തുക അനുവദിച്ച പല വർക്കുകളും മുന്നോട്ടുപോകുന്നില്ലെന്നത് പൊതുവായ ഒരു സത്യമാണ്. ബജറ്റിൽ അനുവദിക്കുന്ന തുക 140 എം.എൽ.എ.-മാർക്കും ഒരുപോലെയാണ് നൽകേണ്ടത്. പക്ഷെ പ്രതിപക്ഷാംഗങ്ങൾക്ക് കൊടുക്കുന്ന

പണത്തിന്റെ ഇരട്ടി തുകയാണ് ഭരണപക്ഷത്തിന് നൽകുന്നത്. ഒരു റോഡുപണിയുമായി ബന്ധപ്പെട്ട് എനിക്ക് അഞ്ച് കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇത്തരമൊരു വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പ്രതിപക്ഷാംഗങ്ങൾക്ക് കിഫ്ബിയിൽ നിന്ന് ഫണ്ട് കൊടുത്തിട്ടുണ്ടെന്ന് നിരന്തരം പറയാറുണ്ട്. ഞങ്ങൾ ഇവിടെ ഭിക്ഷ യാചിച്ച് നടക്കുന്നവരാണോ? ഞങ്ങളുടെ നാട്ടുകാരും നികുതി അടച്ചിട്ടുതന്നെയാണ് കിഫ്ബി ഫണ്ട് തിരിച്ചടയ്ക്കേണ്ടത്. നേരത്തെ പറഞ്ഞതൊന്നും ഇനി ആവർത്തിക്കുന്നില്ല. കൊണ്ടോട്ടി-എടവണ്ണപ്പാറ-അരീക്കോട് റോഡ് വികസനം കിഫ്ബി ഫണ്ടിൽ നിന്നാണെന്നാണ് ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ. ഇപ്പോൾ എന്റെയടുത്ത് വന്നുപറഞ്ഞത്. അതെ. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ ഏഴ് വർഷമായിട്ടും ആ റോഡിന്റെ പണി പൂർത്തിയായിട്ടില്ല. കിഫ്ബിയുടെ അവസ്ഥയെക്കുറിച്ച് പറയാൻ ഒരുപാടുണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷത്തോട് വിവേചനമുണ്ട്. ബജറ്റ് ഫണ്ടിലെ കണക്കുകളിൽനിന്ന് അത് വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രിക്ക് നൽകിയ ചോദ്യത്തിന് ഇതുവരെ ഉത്തരം ലഭിച്ചിട്ടില്ല. ഉത്തരം കിട്ടുമ്പോൾ വിവേചനം കൃത്യമായി തിരിച്ചറിയാൻ കഴിയും. അദ്ദേഹം സത്യസന്ധനും നിഷ്കളങ്കനും ആത്മാർത്ഥതയുള്ള വ്യക്തിയുമാണ്. പക്ഷെ ഏറ്റവും കൂടുതൽ ചോദ്യങ്ങൾക്ക് മറുപടി പറയാനുള്ളതും ധനകാര്യ വകുപ്പുമന്ത്രിയാണ്. അക്കാര്യത്തെക്കുറിച്ച് വിശദമായൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ഹയർ സെക്കൻഡറിയുടെ കാര്യം സൂചിപ്പിച്ചതുപോലെ അപ്രഖ്യാപിതമായ നിയമനനിരോധനമാണ് ഇവിടെ നടക്കുന്നത്. അക്കാര്യം ചോദിക്കുമ്പോൾ, എന്നാൽ ഏറ്റവും കൂടുതൽ നിയമനം നടത്തുന്നത് ഞങ്ങളാണെന്നാണ് സർക്കാരിന്റെ വാദം; അതല്ലല്ലോ അതിന്റെ ഉത്തരം. ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും എന്തുകൊണ്ട് നിയമനം നടത്തുന്നില്ല എന്ന ചോദ്യത്തിനാണ് ഉത്തരം പറയേണ്ടത്. 26-06-2024-ന് ഞാൻ നൽകിയ 3294-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി ഇവിടെ സൂചിപ്പിക്കാം. എസ്.സി.ഇ.ആർ.ടി.-യിൽ പുസ്തകരചനയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തിയ ഒരു വ്യക്തി ശമ്പളമായും യാത്രാബത്തയായും മറ്റ് ആനുകൂല്യങ്ങളായും

എത്ര രൂപ കൈപ്പറ്റി എന്നുള്ളതായിരുന്നു എന്ന ചോദ്യം. ആളിന്റെ പേര് പറഞ്ഞ് ആർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. എന്നാൽ ഉത്തരത്തിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കാം. 2017 മുതൽ 2021 ഒക്ടോബർ വരെയുള്ള കാലയളവിൽ ശമ്പളയിനത്തിൽ 24,32,266/- രൂപയും യാത്രാബത്തയായി 1,15,986/- രൂപയും പ്രസ്തുത വ്യക്തി കൈപ്പറ്റിയിട്ടുണ്ട്. മറ്റ് അലവൻസുകളൊന്നും നൽകിയിട്ടില്ല. ടിയാന് മറ്റൊരു പ്രവൃത്തിയുമായി ബന്ധപ്പെട്ട് 1,52,000/- രൂപയും 16,838/- രൂപയും അനുവദിച്ചിട്ടുണ്ടെന്നും ഇതേ മറുപടിയിൽത്തന്നെ സൂചിപ്പിക്കുന്നുമുണ്ട്. എന്റെ വിഷയം അതല്ല; ഈ വ്യക്തികളൊക്കെ ഇത്രയും വലിയ അലവൻസുകളും യാത്രാ ബത്തയുമൊക്കെ വാങ്ങി എഴുതി തയ്യാറാക്കിയതാണ് സർക്കാർ സ്കൂളുകളിലെ പാഠപുസ്തകങ്ങൾ. ഈ പാഠപുസ്തകം യു.ഡി.എഫ്.-ന്റെ സമയത്താണ് അച്ചടിച്ചിരുന്നതെങ്കിൽ നിങ്ങൾ കേരളം പൊളിച്ച് പന്തലിടും; എന്നിട്ട് കത്തിച്ചുകളയും. കോടിക്കണക്കിന് പണം മുടക്കി അച്ചടിച്ച് കേരളത്തിലെ പൊതുവിദ്യാലയങ്ങളിലേക്ക് നൽകിയ പുസ്തകമാണിത്. 7-ാം ക്ലാസിലെ പാഠപുസ്തകമാണ് എന്റെ കയ്യിലുള്ളത്. ഇതിലെ ചില തെറ്റുകൾ ഞാൻ

ചൂണ്ടിക്കാണിക്കാം. മധ്യകാല ഇന്ത്യയെക്കുറിച്ചാണ് ആദ്യത്തെ പാഠഭാഗം. പാഠഭാഗത്ത് രണ്ട് ചിത്രങ്ങൾ നൽകിയിട്ടുണ്ട്. മുഗൾ ചക്രവർത്തിയായ ഷാജഹാന്റെ ഭരണകാലത്തെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. ചെങ്കോട്ടയുടെയും ഹംപി നഗരത്തിന്റെയും ചിത്രമാണ് കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട കെ. ടി. ജലീലും ഞാനും പി.ജി. ഹിസ്റ്ററി ക്ലാസിൽ ഒരുമിച്ച് പഠിച്ചവരാണ്. അദ്ദേഹംകൂടി ഇതിന്റെ ഫാക്ച്വൽ മിസ്റ്റേക്ക് മനസ്സിലാക്കാനാണ് ഞാൻ ഇത് ഇവിടെ പറയുന്നത്. മുഗൾ ചക്രവർത്തിയായ ഷാജഹാന്റെ ഭരണകാലത്ത് ഡൽഹിയിൽ നിർമ്മിച്ച ചെങ്കോട്ടയുടെ ചിത്രം ഒരു ഭാഗത്ത് കൊടുത്തിട്ട് ഇതേ കാലഘട്ടത്തിൽ ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന വിജയനഗരത്തിന്റെ തലസ്ഥാനമായ ഹംപിയുടെ ചിത്രമാണ് രണ്ടാമതായി കൊടുത്തിട്ടുള്ളത് എന്നാണ് അച്ചടിച്ചിരിക്കുന്നത്. വിജയനഗര സാമ്രാജ്യവും മുഗൾ സാമ്രാജ്യവും ഏതൊക്കെ കാലഘട്ടത്തിലാണെന്ന് ചരിത്രം അറിയുന്ന ആർക്കെങ്കിലും പറയാൻ സാധിക്കുമോ; അത് ഒരേ കാലഘട്ടത്തിലല്ല. ഇത്തരം കാര്യങ്ങളാണ് പാഠപുസ്തകങ്ങളിൽ അച്ചടിച്ച് കുട്ടികളെ പഠിപ്പിക്കാൻ പോകുന്നത്. ഒരു അധ്യാപകൻ എന്നെ വിളിച്ച് ഇത്

സൂചിപ്പിച്ചപ്പോഴാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത്. 1628-1658 വരെയുള്ള കാലഘട്ടത്തിലായിരുന്നു മുഗൾ ചക്രവർത്തി ഷാജഹാന്റെ ഭരണകാലം, ആ സമയത്താണ് ചെങ്കോട്ട നിർമ്മിച്ചത്. എന്നാൽ വിജയനഗര സാമ്രാജ്യം 1334 മുതലാണ്, 200 വർഷത്തെ വ്യത്യാസമുണ്ട്. പക്ഷേ ഒരേ കാലഘട്ടത്തിലാണെന്നാണ് പാഠപുസ്തകത്തിൽ പറയുന്നത്. ഇത് ചരിത്രത്തോട് ചെയ്യുന്ന പാതകമാണ്. നമ്മുടെ കുട്ടികളെ തെറ്റുകൾ പഠിപ്പിക്കുകയാണ്. SCERT (State Council of Educational Research and Training)-ന്റെ കീഴിൽ വിദഗ്ദ്ധന്മാർ ടി.എ.-യും അലവൻസും വാങ്ങി നിർമ്മിച്ച പാഠപുസ്തകങ്ങളിലാണ് ഇത്തരം തെറ്റുകൾ കണ്ടെത്തിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... അങ്ങ് ചുരുക്കൂ...

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇതിനൊക്കെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; കേരളത്തിന്റെ ഖജനാവിൽനിന്ന് നൽകിയിട്ടുള്ള തുക എത്രയാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കൂ. ചെയർ പത്തുമിനിട്ടാണ് സമയം അനുവദിച്ചത്. അങ്ങ് പതിനൊന്ന് മിനിട്ടെടുത്തു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇത് കുട്ടികളുടെ ഭാവിയുടെ പ്രശ്നമാണ്. പതിനാറാമത്തെ പേജിൽ മുഗൾ ഭരണകാലത്ത് പേർഷ്യൻ ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട മഹാഭാരതത്തിന്റെ പുറംചട്ടയുടെ ചിത്രമാണിതെന്ന് കാണിക്കുന്നു. ചിത്രത്തിന്റെ അടിക്കുറിപ്പിൽ മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാന്റെ മകൻ Dara Shikoh ആണ് ഇത് പരിഭാഷപ്പെടുത്തിയതെന്നാണ് പറയുന്നത്. സത്യത്തിൽ ഇത് പരിഭാഷപ്പെടുത്തിയത് അക്ബറിന്റെ കാലത്തുള്ള പണ്ഡിതസഭയാണ്. Dara Shikoh ഉപനിഷത്തുക്കളും അതുപോലെതന്നെ ബൈബിളിന്റെ പഴയ കോപ്പിയും പുതിയ കോപ്പിയുമാണ് പേർഷ്യൻ ഭാഷയിലേയ്ക്ക് Dara Shikoh പരിഭാഷപ്പെടുത്തിയത്. ഇതൊരു ചെറിയ വിഷയമല്ല. കേരളത്തിലെ വിദ്യാലയങ്ങളിൽ ഈ ഗവൺമെന്റ് പഠിപ്പിക്കാൻ പോകുന്ന പാഠപുസ്തകമാണിത്, തെറ്റുകൾ ഇനിയുമുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... എല്ലാം പറഞ്ഞുപോകാൻ പറ്റില്ലല്ലോ; അങ്ങനെ എല്ലാം സഭയിൽ പറയാൻ പറ്റില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ജ്യോഗ്രഫി പാഠപുസ്തകത്തിലെ ഹിമാലയൻ പർവ്വതത്തിലെ....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കുട്ടികൾ ഗൂഗിൾ പരിശോധിച്ചാൽ ലഭിക്കുന്ന വിവരങ്ങളാണ്. തെറ്റായ വിവരങ്ങൾ...,

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ വിളിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇതൊരു ചെറിയ വിഷയമല്ല. എനിക്ക് സമയം നൽകണം. വളരെയധികം തെറ്റുകളാണ് ഈ പാഠപുസ്തകത്തിലുള്ളത്. ഈ പാഠപുസ്തകം അച്ചടിക്കാൻ എത്ര തുകയായിട്ടുണ്ടാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു. എത്രപ്രാവശ്യം പരിശോധനയ്ക്ക് വിധേയമാക്കിയതാണ് ഈ പാഠപുസ്തകങ്ങൾ. ഇങ്ങനെയുള്ള കാര്യങ്ങളാണ് ഈ ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇങ്ങനെ തെറ്റായ കാര്യങ്ങൾക്ക് തുക ദുർവ്യയം ചെയ്ത്, ചെലവഴിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ ഈ ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

## ധനകാര്യ കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭ മുമ്പാകെ സമർപ്പിച്ചില്ലെന്ന പരാമർശത്തിന്മേലുള്ള വിശദീകരണം

തദ്ദേശസ്വയംഭരണ- എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഒരു കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) വളരെ ഗൗരവത്തോടെയും യുക്തിസഹമായും സംസാരിക്കുന്ന ഒരാളാണ്. അതുകൊണ്ട് സൂക്ഷിച്ചാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ബഹുമാനപ്പെട്ട അംഗത്തിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചത്. അതുകൊണ്ടാണ് ഞാൻ വ്യക്തത വരുത്തുന്നത്. യഥാർത്ഥത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തെറ്റായിട്ടുള്ള വിശദീകരണമാണ് നൽകിയത്. അതായിരിക്കും അങ്ങ് പറയാൻ കാരണം. കേരളം ഫിനാൻസ് കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്നും അതുകൊണ്ടാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാമീണ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കാത്തതെന്നുമുള്ള പത്രക്കുറിപ്പ് ഇറക്കിയതായി മാധ്യമങ്ങളിലെല്ലാം വാർത്ത കണ്ടു. അതിന്റെ അടിസ്ഥാനത്തിലായിരിക്കും, അത് വസ്തുതയല്ല. ആറാം ഫിനാൻസ് കമ്മീഷൻ 31-10-2019-ൽ സംസ്ഥാനത്ത് രൂപീകരിച്ചു.

നമുക്കെല്ലാവർക്കും അറിയുന്ന കാര്യമാണ്. അതിൽ ഒന്നാമത്തെ റിപ്പോർട്ട് 15-10-2020-ന് സമർപ്പിച്ചു. അതിന്റെ സപ്ലിമെന്ററി റിപ്പോർട്ട് 22-09-2021-നും സമർപ്പിച്ചു. രണ്ടാമത്തെ റിപ്പോർട്ട് 28-04-2021-ന് സമർപ്പിച്ചിരുന്നു. ഒന്നാമത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.റ്റി.ആർ.) 22-01-2021-ന് നിയസഭയിൽ സമർപ്പിച്ചു. സപ്ലിമെന്ററി റിപ്പോർട്ടും രണ്ടാമത് റിപ്പോർട്ടിന്മേലുമുള്ള എ.റ്റി.ആർ.-ഉം 23-08-2022-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ഏഴാം ഫിനാൻസ് കമ്മീഷൻ രൂപീകരണത്തിന് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് തുടക്കം കുറിച്ചുകഴിഞ്ഞു. 2026-വരെ ഇതിന് കാലാവധിയുണ്ട്. പക്ഷേ 2026 ഏപ്രിൽ 1-ന് devolution സാധ്യമാകുന്ന തരത്തിൽ ഏഴാം ധനകാര്യ കമ്മീഷൻ രൂപീകരിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞുവെന്നതാണ് വസ്തുത. കേന്ദ്രം തെറ്റായിട്ടുള്ള പ്രചരണമാണ് നടത്തുന്നത്. അങ്ങ് ടി വിഷയം ഉന്നയിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. കാരണം ടി വിഷയം വ്യക്തമാക്കാൻ അവസരം ലഭിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചർച്ചയിൽ എല്ലാ കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. ധനകാര്യ ബില്ലിൽ

പ്രതിപാദിച്ച പ്രധാനകാര്യങ്ങൾ, നേരത്തെ പല തവണ ഇവിടെ ചർച്ച ചെയ്തിരുന്നു. ധാരാളം സമയം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട വ്യക്തികളുടെ അഭിപ്രായങ്ങൾകൂടി ആരാഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ ധാരാളം മാറ്റങ്ങൾ വരുത്താൻ സാധിച്ചു. സബ്ജക്ട് കമ്മിറ്റി അമെൻഡ്മെന്റ് സഹിതം ഏറെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ കൂടുതൽ കാര്യങ്ങൾ പറയേണ്ടതില്ല. കോടതിയുമായി ബന്ധപ്പെട്ടാണ് കൂടുതൽ ചർച്ചകൾ വന്നത്. അക്കാര്യം ഞാൻ സൂചിപ്പിച്ചപ്പോൾ ലോയേഴ്സ് യൂണിയൻ, മഹിളാ സംഘടനകൾ, ബാർ അസോസിയേഷൻ എന്നീ സംഘടനകൾ അവരുടെ അഭിപ്രായം വ്യക്തമാക്കിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും കൊണ്ടുവന്നിരുന്നു. പൊതുവികാരമായി ഇതിനെ ഏറ്റെടുത്തതുകൊണ്ടുതന്നെ കോടതി കാര്യങ്ങൾക്കും മറ്റുവിഷയങ്ങൾക്കും സാധാരണ ലഭിക്കുന്നതിനെക്കാൾ കൂടുതൽ സമയം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭിച്ചു. ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ടും മറ്റ് വിഷയങ്ങളും ചർച്ച ചെയ്യാൻ സമയം കൂടുതൽ ലഭിച്ചതുകൊണ്ട് ഇതിൽ പ്രതിപാദിക്കാൻ കഴിഞ്ഞു. ടെക്നിക്കലായി ഇതുസംബന്ധിച്ച കാര്യങ്ങൾ

പറഞ്ഞുവെന്നുള്ളതാണ് പല വിയോജനക്കുറിപ്പിന്റെയും അടിസ്ഥാനം. നമ്മുടെ നിയമത്തിൽ ഫീസ് വലിയതോതിൽ വർദ്ധിപ്പിക്കുവാനുള്ള ശ്രമമില്ല. ഇലക്ട്രിസിറ്റി ഡ്യൂട്ടി പോലുള്ള ഫീസ് 1960-63-ൽ വന്നതാണ്. അതൊക്കെ നേരത്തെ അംഗീകരിച്ച് അതിന്റെ അമെന്റ്മെന്റും വന്നു. ഇന്നിപ്പോൾ വന്നിരിക്കുന്നത് ഒഫിഷ്യൽ അമെന്റ്മെന്റുകളാണ്. 1963, 1980, 1984-ലെയും 30-60 വർഷംവരെ പഴക്കമുള്ള ഫീസുകൾ വർദ്ധിപ്പിച്ചിട്ടില്ല. വാസ്തവത്തിൽ ഇപ്പോൾ ഫീസ് വർദ്ധിപ്പിച്ചാലും ഒന്നോ രണ്ടോ കോടി രൂപയുടെ വ്യത്യാസമാണ് സംസ്ഥാനാടിസ്ഥാനത്തിൽ വരുന്നത്. അങ്ങനെ ഒന്നോ രണ്ടോ കോടി രൂപ കൂട്ടാതെ, ഇത്തരം കാര്യങ്ങളിൽ ഇടപ്പെടാതെ വേണമെങ്കിൽ മുന്നോട്ടുപോകാം. പക്ഷേ സർക്കാർ അങ്ങനെ ഒന്നും ചെയ്യാതെ മുന്നോട്ടുപോകുന്ന സമീപനമെടുക്കുന്നത് ശരിയല്ല. നീതി നിഷേധമെന്ന തരത്തിലേയ്ക്ക് ഇത്തരം കാര്യങ്ങളെ കാണുകയല്ല വേണ്ടത്. കാരണം ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പ്രസ്തുത തുക തീരെ ചെറിയ ചാർജ്ജല്ല. കാലോചിതമായി വർദ്ധിപ്പിക്കണമെന്നാണ് കോടതികൾതന്നെ പറഞ്ഞിട്ടുള്ളത്. സുപ്രീംകോടതിതന്നെ 2012-ൽ SCC 455 Sanjeev Kumar

Jain vs Raghubir Saran Charitable Trust & Ors., പറഞ്ഞിരിക്കുന്നത് " ....The fixed fees that are payable, prescribed decades ago have not undergone a change and in many cases, the fixed fee is not worth the cost of collection thereof....." അതുകഴിഞ്ഞ് സുപ്രീംകോടതി ഫീസിന്റെ കാര്യങ്ങൾ പറയുന്നുണ്ട്. കാലോചിതമായി ടാക്സും നോൺ ടാക്സും കളക്ട് ചെയ്യുന്നതിനുവേണ്ടി ശ്രമം നടത്തേണ്ടതുണ്ട്. അതുപോലെ ഇവിടെയും പുറത്തും negotiable instrument-നെ സംബന്ധിച്ച് ചില ചർച്ചകൾ നേരത്തെ വന്നു. ഇതൊരു ക്രിമിനൽ സ്വഭാവമുള്ള കേസാണ്. അങ്ങനെ ക്രിമിനൽ പരിധിയിലേയ്ക്ക് ഈ ചെക്ക് dishonour ചെയ്തത് വന്നപ്പോൾ അതിൽ ഇങ്ങനെ സിവിൽ മാറ്റർ കാണാൻ സാധിക്കുമോ; ' P. Mohanraj & Ors. vs M/s. Shah Brothers Ispat Pvt. Ltd.' എന്നുപറയുന്ന കേസിൽ ഇതുസംബന്ധിച്ച് കുറെയേറെ കാര്യങ്ങൾ കോടതി പ്രതിപാദിച്ചിട്ടുണ്ട്. കമ്മിഷൻ റിപ്പോർട്ടിൽ അവർ നൽകിയിരുന്ന കാര്യങ്ങൾ ചൂണ്ടികാണിച്ച് പറഞ്ഞുവെന്നേയുള്ളൂ. ഇത്തരം കാര്യങ്ങളിൽ വളരെ കൃത്യമായ നിലപാട് എടുക്കണമെന്നുള്ളതുകൊണ്ടാണ് ഇത് കൊണ്ടുവന്നത്. തമിഴ്നാട്, മഹാരാഷ്ട്ര,

മധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ‘ ad volerem’ ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് negotiable instruments-ന്റെ കാര്യത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നത്. ഇവിടെ ശതമാനത്തിന്റെ കാര്യം പറഞ്ഞെങ്കിലും ക്ലിപ്തമായ ഫീസെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഈ കേസിൽത്തന്നെ ക്രിമിനൽ സ്വഭാവമുള്ള കേസിനുമാത്രമാണ് സിവിൽ മാറ്റർ പരിഗണനയിൽ വരുന്നത്. ഇത് ‘ Quasi-civil’ എന്ന നിലയിലേയ്ക്കാണ് കോടതി വിലയിരുത്തുന്നത്. നേരത്തെ പറഞ്ഞ ‘ P. Mohanraj & Ors. vs M/s. Shah Brothers Ispat Pvt. Ltd.’ കേസിൽ 2021-ൽ സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്, ‘ ...Hence the Honourable Supreme Court held that the cases under the negotiable instrument act is Quasi-Criminal Nature. The specific sentence used by the Honourable Supreme Court is that “ .... Section 138 of the Negotiable Instruments Act, Proceeding can be said to be a ‘ civil sheep’ in a ‘ criminal wolf’ s’ clothing...” എന്നാണ്. ഇത്തരം പല കേസുകളുടെ അടിസ്ഥാനത്തിൽ റിട്ട. ജഡ്ജിമാരുടെയും അതുപോലെ ഈ

മേഖലയുമായി ബന്ധപ്പെട്ട വ്യക്തികളുടെയും പ്രാഥമിക റിപ്പോർട്ടാണ് ഇതിലുള്ളത്. പൊതുവിൽ ഇത്തരം ന്യായമായ, അർഹതയുള്ള കാര്യങ്ങളിൽ ഒരിക്കലും നീതി നിഷേധിക്കുന്ന തരത്തിൽ ഗവൺമെന്റ് പ്രവർത്തിക്കില്ല. അതുകൊണ്ട് നീതി നിഷേധിക്കാൻ പാടില്ല. ഫീസ് ഒരിക്കലും കൂട്ടാൻ പാടില്ലെന്നല്ല, രണ്ട് രൂപയാണ് ലീവിനുള്ള കോർട്ട് ഫീ സ്റ്റാമ്പ്. എത്രയോ കാലങ്ങൾക്കുമുമ്പ് നിലവിൽവന്ന ഫീസാണത്. അത്തരം കാര്യങ്ങളിൽ കാലോചിതമായ മാറ്റം അനിവാര്യമാണെന്നാണ് പൊതുവെയുള്ള അഭിപ്രായം. തുകയുടെ അളവിലല്ല. വേണമെങ്കിൽ ഗവൺമെന്റിന് ഇത് വേണ്ടെന്ന് വയ്ക്കാം, പക്ഷേ അങ്ങനെ ചെയ്യേണ്ടെന്ന അഭിപ്രായമാണുള്ളത്. നേരത്തെ പ്രൊപ്പോസ് ചെയ്ത ശതമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസിന്റെ കാര്യത്തിൽ വലിയ തുക വരേണ്ട സ്ഥലങ്ങളിൽ ചെറിയ തുകയാണ് വന്നിട്ടുള്ളത്. രണ്ടിനത്തിലും ഇരുന്നൂറ് രൂപയാണ് വാസ്തവത്തിൽ വരേണ്ട തുക. അതിന്റെ ഓരോ ഐറ്റവും തത്ക്കാലം എടുക്കുന്നില്ല. മെയിന്റനൻസ് കേസ് ഇതിൽ ഉൾപ്പെടുന്നില്ല, മെയിന്റനൻസ് കേസ് ഇവിടെ ചർച്ചയിൽ രണ്ടോളം അംഗങ്ങൾ ഉന്നയിച്ചിരുന്നു. സ്ത്രീകളെ സംബന്ധിച്ച് കുടുംബകോടതിയുമായി ബന്ധപ്പെട്ടുള്ള

മെയിന്റനൻസ് കേസ് ഇതിലല്ല വരുന്നത്, ഇത് പ്രോപ്പർട്ടി ആണ്. മെയിന്റനൻസ് കേസ് വരുമെന്ന അഭിപ്രായം പറഞ്ഞിരുന്നു.

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞ ചില സംശയങ്ങൾ വേണ്ടത്ര മനസ്സിലാക്കാതെ പറഞ്ഞതാണ്. ടൂറിസ്റ്റുകൾ വരുന്നത് കുറയുമെന്നാണ് ശ്രീമതി ഉമ തോമസ് ഉൾപ്പെടെ പറഞ്ഞത്. വാസ്തവത്തിൽ കേരളത്തിലെയും പുറത്തുമുള്ള ടൂറിസ്റ്റ് ബസുകൾക്ക് നേരത്തെയുണ്ടായിരുന്ന നികുതി കൂടുതലായിരുന്നു. ടൂറിസ്റ്റ് ബസുകളുടെ നികുതി നല്ലതുപോലെ കുറച്ചു. അങ്ങനെ കുറച്ചപ്പോൾ അതിന്റെ ഒരു എക്സ്റ്റൻഷൻ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ബസുകളുടേതും ചേർത്ത് സൂചിപ്പിക്കണമായിരുന്നു, അത് പ്രതിപാദിച്ചിട്ടില്ല. Amendment നടപ്പിലാകുമ്പോൾ അത് ചേർത്തില്ലെങ്കിൽ ഒരു ടാക്സും....., നേരത്തെയുണ്ടായിരുന്ന ത്രൈമാസ നികുതി ഒരു സീറ്റിന് 2250 രൂപയെന്നത് 1500 രൂപയാക്കി ഇപ്പോൾ കുറച്ചിട്ടുണ്ട്. 2250 രൂപ നൽകിയിരുന്ന സ്ഥാനത്ത് ഒന്നുമില്ലാത്ത തലത്തിലേയ്ക്ക് വരുന്നതുകൊണ്ടാണ് മോട്ടോർ വെഹിക്കിളിന്റെ ഭാഗത്ത് ഒരു ടെക്നിക്കൽ കറക്ഷൻ വന്നിട്ടുള്ളത്.

ആംനെസ്റ്റികളുടെ കാര്യത്തിൽ കുറെ സംശയങ്ങൾ പറഞ്ഞു. സിവിൽ ഓഫീസർ ആരാണ്? കോടതിയും റവന്യൂ ഓഫീസർമാരുമാണ് സിവിൽ ഓഫീസർമാരായി വരുന്നത്. ഇവിടെ ഗവൺമെന്റ് ഏർപ്പെടുത്തുന്ന ഒരു സിവിൽ ഓഫീസറുണ്ട്, അത് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. ബാങ്കുകളുടെയും മറ്റും സർഫാസി ആക്ട് പോലുള്ള പുതിയ ആക്ടുകൾ പലവിധത്തിലുണ്ട്. അങ്ങനെ വരുന്ന കാര്യങ്ങളിൽ ഒരു സിവിൽ ഓഫീസറെ ചുമതലപ്പെടുത്തുന്ന സിവിൽ ഓഫീസറെന്നുകൂടി ഇതിന്റെ പരിഗണനയിൽ വരും. അവരുടെ കൈയിൽനിന്ന് നേരത്തെ ടാക്സ് വാങ്ങാൻ സാധിക്കില്ലായിരുന്നു, അതും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അദാലത്ത് വേണമെന്ന ആവശ്യം വന്നിരുന്നു, ഇതിൽ വന്നിട്ടുള്ള കാര്യങ്ങൾ നേരത്തെ വായിച്ചിരുന്നു. 50,000 രൂപ വരെയുള്ള കേസുകൾ പൂർണ്ണമായും ഒഴിവാകുമെന്ന് പറഞ്ഞാൽ ആകെയുള്ള കേസിന്റെ നല്ലൊരു ശതമാനവും ഇല്ലാതാകും. അവർക്ക് വേറെ ബുദ്ധിമുട്ടുകൾ വരുന്നില്ല. നേരത്തെയുള്ള പരീക്ഷണമല്ല, കുറച്ചുകൂടി മെച്ചപ്പെട്ട തരത്തിലേയ്ക്ക് സാധാരണയായി കേസ് മുന്നോട്ടുപോകും. നമ്മുടെ കോടതികൾക്ക് കൂടുതൽ effective ആയി പ്രവർത്തിക്കാൻ സാധിക്കും. 50,000

രൂപയുടെ പേരിൽ നാൽപ്പത് വർഷം വരെ കേസ് നടന്നുകൊണ്ടിരിക്കുന്നത് ഒഴിവാകുമ്പോൾ അതിന്റേതായ വ്യത്യാസവും ഗുണവും വരും. ഇതുസംബന്ധിച്ച് ഇതിന് മുകളിലുള്ള ഓരോ ടേബിളും ഞാൻ നേരത്തെ വായിച്ചതാണ്. അങ്ങനെ വരുമ്പോൾ വലിയ തോതിൽ കേസുകൾ കുറഞ്ഞുവരും. അതിൽ ഏറ്റവും ഉയർന്ന വരുമാനം, ഒരു കോടിക്ക് മുകളിൽ വരുന്നതിനാണ് വലിയ excemption ഇല്ലാത്തത്. കേസ് നടത്തുകയെന്നാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ഇവിടെ പറഞ്ഞ ഒരു വിഷയം.., ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ആണ് പറഞ്ഞതെന്ന് തോന്നുന്നു. ഒരു വർഷത്തേയ്ക്കാണ് ഇതിന്റെ കാലാവധി. ആദ്യത്തെ മാസം ലഭിക്കുന്നവർക്ക് excemption 100 ശതമാനം ലഭിക്കുമെങ്കിൽ ഒരു മാസം കഴിഞ്ഞ് ലഭിക്കുന്നവർക്ക് അല്പം കൂടി കുറയും. കാരണം തമിഴ്നാട് സ്റ്റേറ്റിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. അവർ ഇതുപോലെ കഴിഞ്ഞ വർഷം ഒരു ആംനെസ്റ്റി പ്രഖ്യാപിച്ചിരുന്നു. അവർ പറഞ്ഞ അവസാന ദിവസത്തിൽ എല്ലാം കൂടി ഒരുമിച്ച് വന്നതുകൊണ്ട് വേണ്ടത്ര വിജയിച്ചില്ല. ഇങ്ങനെ പ്രഖ്യാപിക്കുമ്പോൾ ആദ്യം ചെയ്യുന്ന ആളുകൾക്ക് 30 ശതമാനം അടച്ചാൽ മതിയെന്ന് പറയുമ്പോൾ 70 ശതമാനം

excemption ലഭിക്കും. ഒരു മാസം കഴിഞ്ഞാണെങ്കിൽ അതിന് ചെറിയൊരു വ്യത്യാസം വരും. അതായത് ഒന്നര ശതമാനത്തിന്റെ കുറവ് വരും. ഇങ്ങനെ വരുമ്പോൾ ആളുകൾക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും, അത്തരത്തിലാണ് ചെയ്യുന്നത്. അവസാന തീയതി ഡിസംബർ 31 വരെയാണ്. അവസാന തീയതി പിന്നെയും നീട്ടിയിട്ട് കാര്യമില്ല. അത് നോട്ടിഫൈ ചെയ്യുന്നത് സംബന്ധിച്ചുള്ള കാര്യം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചിരുന്നു. അത് amendment-ൽ 'ഗവൺമെന്റ്' എന്നാക്കിയിട്ടുണ്ട്. കാരണം പ്രൊപ്പോസ് ചെയ്തതിൽ 'കമ്മീഷണർ' എന്ന് വച്ചിരുന്നു. ഓരോ കേസിനും പല തവണ വേണമെങ്കിൽ എപ്പോഴും 'കമ്മീഷണർ' എന്ന് വരുന്നത് ബുദ്ധിമുട്ടാണ്, ഇപ്പോൾ ഒറ്റത്തവണയായതുകൊണ്ട് 'ഗവൺമെന്റ്' എന്നാക്കിയിട്ടുണ്ട്. അത് സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ കാര്യത്തിൽ സോളാറിന്റെ കാര്യം നേരത്തെ പറഞ്ഞതാണ്. സോളാറിന്റെ കാര്യത്തിൽ ധാരാളം ചർച്ചകൾ നടന്നു. സോളാർ കൊണ്ട് ലാഭമുണ്ടോ? ഡോ. എം. കെ. മുനീർ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. സോളാറിന്റെ കാര്യത്തിൽ ലാഭകരമായ സ്ഥിതിയുണ്ടെന്നാണ്

മനസ്സിലാകുന്നത്. ഇവിടെ സോളാർ എനർജിയിൽ നല്ല വരുമാനമുണ്ടാകുന്നതിന്റെ ഉദാഹരണം പറയാം. ആദ്യ ബഡ്ജറ്റിൽ പറഞ്ഞ കയ്പ്പമംഗലം മണ്ഡലത്തിൽപ്പെട്ട പെരിഞ്ഞനത്തിൽ 'പെരിഞ്ഞനോർജ്ജം' എന്ന പദ്ധതി അവർ നടപ്പാക്കി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. നാട്ടുകാർ വായ്പയെടുത്താണ് സോളാർ പദ്ധതി സ്ഥാപിച്ചത്. ഇത് നോട്ട് ചെയ്യേണ്ടതാണ്, എവിടെയും സാധിക്കുന്നതാണ്. നാട്ടുകാർ വായ്പയെടുത്ത് സ്ഥാപിച്ചതാണ് സോളാർ, അവർ എടുത്ത വായ്പ കഴിഞ്ഞ അഞ്ചാറുവർഷം കൊണ്ട് മുഴുവൻ അടച്ചുതീർത്തു. സോളാർ വളരെ effective ആകുന്നതാണ്. സോളാറിനെ ഒഴിവാക്കുകയെന്നതാണ് ആദ്യത്തെ താൽപ്പര്യം, അതിപ്പോൾ ഒഴിവാക്കിയിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ‘ Section 125 of the CrPC’ പ്രകാരം ഫാമിലി കോർട്ടിൽ മെയിന്റനൻസിന് കേസ് ഫയൽ ചെയ്യുമ്പോൾ fees excemption ഉണ്ട്. Return of gold ornaments എന്ന് പറഞ്ഞ് ഫാമിലി കോടതിയിൽ ഒരു ഒ. പി. നൽകി കഴിഞ്ഞാൽ പ്രോപ്പർട്ടിയുടെ വാല്യൂ അനുസരിച്ച് പത്ത് ശതമാനമാണ് നൽകുക. അത് കോർട്ട് ഫീയായി

അടയ്ക്കേണ്ടി വരികയാണ്. അതിൽ എന്തെങ്കിലും തരത്തിലുള്ള excemption നൽകുന്നത് നല്ലതായിരിക്കും. ഒരുപാട് സ്ത്രീകൾ ക്രിമിനൽ കോടതികളെയല്ല, ഫാമിലി കോടതികളെയാണ് ആശ്രയിക്കുന്നത്. ഇത്തരം property dispute ഉൾപ്പെടെ അവിടേയ്ക്ക് പോകുകയാണ്. സിവിൽ നേച്ചറിലേയ്ക്ക് മാറുമ്പോൾ പത്തുശതമാനം നൽകേണ്ടത് ആവശ്യമായി വരികയാണ്. ഏതെങ്കിലും തരത്തിലുള്ള ഇളവ് അക്കാര്യത്തിൽ സ്വീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: ഇപ്പോൾ ഇവിടെ കൊണ്ടുവന്ന അമെന്റ്മെന്റിന്റെ പരിധിയിൽ വരുന്നതല്ല, പുതിയതായി കൊണ്ടുവരേണ്ടതാണ്. കമ്മിറ്റി മറ്റുകാര്യങ്ങൾ പരിശോധിച്ച് സ്റ്റാമ്പ് ആക്ടിൽ ആവശ്യമായ മാറ്റങ്ങൾക്ക് വിവിധ കാര്യങ്ങൾ ഉൾപ്പെടുത്തും. അപ്പോൾ പരിശോധിക്കുന്നതായിരിക്കും നല്ലത്. മോട്ടോർ വാഹനത്തിന്റെ കാര്യത്തിൽ 2250 രൂപ സീറ്റിനുണ്ടായിരുന്നത് 1500 രൂപയാക്കി ചുരുക്കി. പുഷ്ബാക്ക് സീറ്റിന് 3000 രൂപയുണ്ടായിരുന്നത് 2000 രൂപയാക്കി. Sleeper-ന് 4000 രൂപയുണ്ടായിരുന്നത് 3000 രൂപയാക്കി ചുരുക്കി. തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നുമുള്ള വാഹനങ്ങൾ ഇതാണ് നൽകിക്കൊണ്ടിരിക്കുന്നത്.

അത് 1500 രൂപയും 2000 രൂപയും ആയി ചുരുക്കി, എന്നാൽ ഇപ്പോഴും അത് നൽകണമെന്നേ പറയുന്നുള്ളൂ. ഒരുമിച്ച് മൂന്ന് മാസത്തേയ്ക്കോ ആറ് മാസത്തേയ്ക്കോ അതിന്റെ കാലാവധി ചുരുക്കിയിട്ടുണ്ട്. കൂടുതൽ ബസുകളെ ആകർഷിക്കാനുള്ള കാര്യങ്ങൾ അതിൽ വന്നിട്ടുണ്ട്. ഇവിടെ നേരത്തെ ഉന്നയിച്ച കോടതി ഫീസിന്റെ കാര്യം വിശദമായി പഠിക്കുമ്പോൾ അക്കാര്യങ്ങൾ പിന്നീട് പരിശോധിക്കാവുന്നതാണ്. ഇപ്പോൾ കൊണ്ടുവന്ന ബില്ലിൽ അതില്ല. Return of gold ornaments പത്തുശതമാനം അടയ്ക്കണമെന്നത് നിലിൽക്കുന്നുവെന്ന് പ്രശ്നം ഇവിടെ പറഞ്ഞത് നന്നായി. ഇപ്പോൾ വാങ്ങുന്നുണ്ടെന്ന് വക്കീലായി പ്രാക്ടീസ് ചെയ്യുന്നവരാണല്ലോ പറഞ്ഞത്. ഇതിലുള്ള ബാക്കി കാര്യങ്ങളും കോടതി ഫീസിന്റെയും ഒരു ടേബിളുണ്ട്, അത് ഇവിടെ വായിക്കേണ്ട കാര്യമില്ല. Amendment-ൽ എടുക്കേണ്ട കാര്യമാണ്. ലീസും മറ്റ് കാര്യങ്ങളും അതിന്റെ ഭാഗമായിട്ടുള്ളതാണ്. ബാക്കി ഇതുസംബന്ധിച്ച് ഇനിയും രണ്ട് ബഡ്ജറ്റിലായി പറയുന്നുണ്ട്. ഇതുസംബന്ധിച്ച് ഈ കമ്മിഷൻ ‘ Kerala Court Fees and Suits Valuation Act’ -ന്റെ അടിസ്ഥാനത്തിൽ amendment കൊണ്ടുവരേണ്ടതാണ്. ധനകാര്യ

ബില്ലിൽ കൊണ്ടുവന്ന കാര്യങ്ങളെല്ലാം ഈ പറഞ്ഞ ഭേദഗതികളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതേയുള്ളൂ. നേരത്തെ എല്ലാം ഇവിടെ ചർച്ച ചെയ്ത കാര്യങ്ങളായതുകൊണ്ട് മറ്റ് രാഷ്ട്രീയ കാര്യങ്ങളൊന്നും പറയുന്നില്ല.

മി.സ്പീക്കർ: ശ്രീ. ലിന്റോ ജോസഫ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്തില്ല)

മി.സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

Minister for Finance (<u>Shri K. N. Balagopal</u>): Sir, I move the following amendments as official amendments.

558. In the entry in Column 3 of item (d) against the serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word " fifty" the words " thirty five" shall be substituted.

559. In the entry in Column 3 of item (e) against the serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word " seventy five" the words " sixty" shall be substituted.

560. In clause 2(2)(c)(i) for the letter " B" wherever it occur the letter and bracket " (b)" shall be substituted.

561. In clause 2(2)(c)(ii) for the letter " C" wherever it occur the letter and bracket " (c)" shall be substituted.

562. In clause 2(2)(c)(ii) the letter and bracket " (a)" shall be omitted.

563. In clause 2(2)(c)(ii) the for the existing letter and bracket “ (b)” , the letter and bracket “ (d)” shall be substitued.

Shri N. A. Nellikkunnu: Sir, I move the following amendments:

120. In section 28A(1B) proposed to be substituted in the Kerala Stamp Act, 1959 by Clause 2(1) the words “ deemed to be” shall be deleted.

145. In the entry in column (3) of item (b) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the figure “ 500” , the figure “ 200” shall be substituted.

159. In the entry in column (3) of item (c) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the figure “ 1000” , the figure “ 500” shall be substituted.

180. In the entry in column (3) of item(e) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substitued by Clause 2(2)(b) for the words “ seventy five” the word “ fifty” shall be substituted.

200. In the Explanation III to serial number 33 of schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word “ higher” the word “ lower” shall be substituted.

207. In the entry in column 3 of item B against serial number 43 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(c)(i) for the word " Eight" , the word " Three" shall be substituted.

236. In the entry in column 3 of item C(a) against serial number 43 of the schedule of the Kerala Stamp Act, 1959 proposed to be inserted by Clause 2(2)(c)(ii), for the words " One Thousand" the words " Five Hundred" shall be substituted.

Shri Chandy Oommen: Sir, I move the following amendments:

124. In column (2) against serial number 16 in the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(a) the words " or a Civil Officer" shall be deleted.

195. In the Explanation I to serial number 33 of schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the words " declared in the lease deed" the words " determined by the authority concerned" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendments:

